# THE CHURCH WEEKLY

Vol. VIII. | SUNDAY 11th JULY 1954 | PRICE 2 ANNAS PER COPY | NO. 27


## MISSIONARIES PRESENT CASE FOR CONVERSION

### ASSURANCE OF LOYALTY TO COUNTRY

*(A representative group, consisting of members of various communities, including Hindus, Muslims and Christians, who assembled at Naini Tal for the Annual Ashram during May and June, has after careful consideration drawn up a statement in connection with the controversy in the Press on the subject of Christian Missionary activities, conversion and place of foreign missionaries in India)*

The statement says: This unofficial but representative group at the Sat Tal Ashram, representing many sections of India and many denominations and also including missionaries from a number of foreign countries, has considered the situation regarding Christian mission in India and places before the country and the Christian Church its considered views.

(1) The genesis of Christian missions is found in the nature of the Christian faith. The nature of that faith is to share what has been shared with us. "freely ye have received, freely give." This is not optional—it is obligatory. Our own Master gave this word: "Go ye into all the world and preach the Gospel......and lo, I am with you always." He is with us when we are true to those orders and silently departs from us when we are not.

(2) The preaching of that Gospel to all the world is done through life, through healing the bodies and minds of men, through educating youth, through developing more food by better agriculture, through homes for orphans, lepers, the blind and the deaf, through social services of various kinds and through the spoken word. All these things are done, when truly Christian, in His name and for His sake.

"NO BAITS"

(3) When we are truly Christians none of these social services can possibly be used as baits to get people to become Christians. These are undertaken because it is right to do them whether people become Christians through them or not. we would heal people because people need healing, feed them because they need to be fed. If no one should become Christian through these services we would do them for His sake and because people need them. Man's need must be met irrespective of his accepting our faith or not.

(4) We do not give the Gospel to any particular nation because we think it is in special need of it more than any other—we give it because everybody is in special need of it, East or West, especially ourselves. So we begin with ourselves and the people around us. As we give it to India we know that where one worker is sent abroad 100 workers are working at the home base of the sending country to help Christianize that country. So there is no particular drive on any one nation or group of nation. We go to man as man everywhere. We go to the nations not because they are any worse than any other but because they are a part of the world—the world to which He sent us.

CHRISTIAN CONVERSION

5. In sharing this Gospel we repudiate proselytism. Jesus condemned proselytism in these words to the Pharisees; "Ye compass land and sea to make one proselyte." Proselytism is the getting of a man to change from one religion to another without any necessary change in character and life—it is a change of label, but not of life. That is degrading both to the religion itself and to the person undergoing it. But while we repudiate proselytism we do believe in Christian conversion. Conversion is a change in character and life followed by an outer change in allegiance corresponding to that inner change. We believe that this is a necessity for all life everywhere. And we have no apologies for trying to produce that kind of conversion. For all the outer changes of life rest upon that imponderable thing called character. If the character breaks, the confidence breaks, and if the confidence breaks the country breaks. In producing that change of character through conversion in East and West we think we are producing a nation-building element, for without it all outer reforms lack sustaining character. We believe it to be a national asset.

6, We need not say that we repudiate very strongly all offering of extraneous inducements to any one to become a Christian. There is an inducement in the Gospel itself as offering grace and power to begin a new life, but apart from that inherent inducement there should be no extraneous inducement of any kind offered.

7. In going into any country the ones going should have a purely moral and spiritual purpose in going—*they should have no political or financial connections with the Government of the country* from which they come and they should take no part in the politics of the country to which they go. They should be interested in the total life of the country around them and should endeavour to make good citizens of that country,

ism or Christianity. We likewise hope our nation will not repudiate in word or in fact the idea of a great secular State in which all faiths will be free to propagate their ideas and practices if done in an orderly and law-abiding manner. We hope that our country will not succumb to the pressure of religious communalism. If so, our democracy is gone and a religious communal State has come into being. Our great experiment will have failed.

We feel that when a secular State undertakes to decide who shall be converted and not converted then it contravenes its constitution which gives the right "to profess, practice and propagate" one's faith. And at the same time, to that degree it abandons the idea of a secular State.

We would suggest to the Central Government that a more-or-less permanent committee be appointed from the Government to meet with a similar representative committee from the Christian Church to iron out the problems that arise between it and the missions. We need not urge that such committees should have men of such fair-minded judgement that they will create confidence on both sides. We are convinced that the Christian movement in India is not a problem to be investigated, but an asset to be related.

We who follow Christ believe in our democracy. We are grateful to see a great peace-loving democratic State coming into being where within it we hope all faiths will be free to give what they have to the individual and collective good. To this new emerging India, of which we are deeply proud, we pledge our loyalty, our love and our devoted service.

(The Hindustan Times)


## ചർച്ച് വീക്ക്ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യക്കു വെളിയിൽ | 8 | 0 | 0 |


# പത്രാധിപർക്കുള്ള കത്ത്

## പിരിയുകയല്ല യോജിക്കുകയാണു വേണ്ടത്.

സർ,

കുറച്ചു മുമ്പുള്ള ഒരു ചർച്ചുവീക്കിലിയിൽ കോതമംഗലം മി. കുര്യനും ലളിതയും ഉന്നയിച്ചിരുന്ന ചോദ്യവും ഖേദപ്രകടനവും വായനക്കാരിൽ ചിലരെയെങ്കിലും ചിന്തിപ്പിച്ചിരിക്കും.

എവിടേക്കാണു നമ്മുടെ യാത്ര?

എന്താണു നമ്മുടെ ലക്ഷ്യം?

ഈ രണ്ടു ചോദ്യങ്ങളും മുമ്പിൽ വച്ചുകൊണ്ടു് ഓരോ സഭാംഗവും—അഭിവന്ദ്യതിരുമേനിമാരും, ബ. അച്ചന്മാരും, അത്മേനികളും, പ്രധാനികളും, കേസ്സു നടത്തിപ്പുകാരും, വാശിക്കാരും, തർക്കക്കാരും, പാത്രിയർക്കീസുഭക്തന്മാരും കാതോലിക്കാഭക്തന്മാരും, സ്ത്രീകളും, പുരുഷന്മാരും എല്ലാവരും ഒരാഴ്ചത്തേക്കെങ്കിലും സ്വല്പനേരം വീതം ഒന്നു ശാന്തമായി ചിന്തിക്കുമോ?

വിദേശമിഷനറിമാരെക്കുറിച്ചു സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന ഒരാഭ്യന്തരവകുപ്പു കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നു. സ്വദേശികളായ മിഷനറിമാർ ഉശിരോടും ഉണർവോടുംകൂടി ഭാരതത്തിന്റെ ഹൃദയസ്ഥാനങ്ങളിലേക്കു—ഗ്രാമങ്ങളിലേക്കു—പ്രവഹിക്കേണ്ട ഒരു കാലഘട്ടം. ഈ സുപ്രധാനാവസരത്തിലും നാം ബോധവാന്മാരാകുന്നില്ലെങ്കിൽ നമ്മെപ്പോലെ അധഃപതിച്ച ഒരു സമുദായം മറ്റേതു്?

ഈ ഒരു നിലപാടു കണ്ടു്, നമ്മുടെ വീഴ്ചയെ ഓർത്തു യറമിയായെപ്പോലെ കരയുവാനെങ്കിലും നമുക്കാരുമില്ലല്ലോ. കുറെപ്പേർ കരയുവാനുണ്ടായിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു.

കഴിഞ്ഞ 50 വർഷത്തെ മലങ്കരസഭയുടെ ഒരു യഥാർത്ഥ ചരിത്രം എഴുതുവാൻ ആരെങ്കിലും ഒന്നു പരിശ്രമിച്ചിരുന്നെങ്കിൽ അതു് എത്ര ശോകാത്മകമായിരിക്കും. നമ്മുടെ സഭയുടെ ദീർഘദീർഘങ്ങളായ ചരിത്രകാലങ്ങളിൽ ഇരുൾപ്പാടുകൾ എത്രയോ അധികമായിരിക്കും. ഒരു സഭയെന്ന പേരിനെ അനർത്ഥമാക്കിയോ എന്നു നാം സാവകാശം ചിന്തിക്കേണ്ടതാണു്. ആരെയാണിതിനു പഴി പറയേണ്ടതു്. ആരാണിതിനുത്തരവാദി? ഓരോരുത്തനും അപരനെ പഴിക്കും. ഉന്നതന്മാരായ പലരെയും ചൂണ്ടിക്കാണിച്ചേക്കും. എന്നാൽ പുണ്യവാനായ പാമ്പാടിത്തിരുമേനി എറണാകുളം പള്ളിയിൽ വച്ചു് ഏതാനും വർഷങ്ങൾക്കുമുമ്പു പ്രസംഗവശാൽ കല്പിച്ചതു് "ആരെയും കുറ്റം പറയേണ്ട. നമ്മുടെ പാപഫലം നാം അനുഭവിക്കയാണു്. നാം ഓരോരുത്തരും മനംതിരിഞ്ഞു ദൈവംതമ്പുരാനോടു് അടുക്കണം. അപ്പോൾ സമാധാനമുണ്ടാകും."

ഇത്ര മോശമായ നിലയിലും നമ്മെ നശിച്ചുപോകാതെ സംരക്ഷിച്ചതിനു്, ഈ തിരി കെട്ടുപോകാതെ ഇന്നയോളം സൂക്ഷിച്ചതിനു് ഒരു പ്രത്യേക ഉദ്ദേശം ഉണ്ടു്. സംശയമില്ല. ഈ ഉന്നതമായ ലക്ഷ്യം വച്ചുകൊണ്ടു് ഇപ്പോഴത്തെ സമാധാനസംഭാഷണങ്ങൾ പരസ്പരബഹുമാനത്തോടെ പുരോഗമിപ്പിക്കണമെന്നു് അപേക്ഷിക്കുന്നു.

സഹോദരന്മാരെപ്പോലെ പങ്കിട്ടുപിരിയുവാനല്ല, ദാവീദിനെയും യോനാഥാനേയും പോലെ കെട്ടിപ്പുണരുവാനാണു നാം അഭിലഷിക്കേണ്ടതു്. കാതോലിക്കേറ്റു് അരമനയിൽ വച്ചു് ഇരു ഭാഗത്തെയും തിരുമേനിമാർ ഒരുമിച്ചിരുന്നു കാപ്പിമേശ കഴിക്കുന്ന ചിത്രം (ബ്ലോക്കു്) കണ്ടു വടക്കുള്ള ചിലർ ആനന്ദക്കണ്ണുനീർ പൊഴിച്ചതു് ഈ ലേഖകൻ കാണുകയുണ്ടായി. സഭയുടെ ഐക്യത്തിൽ സഭാംഗങ്ങൾ എത്രമാത്രം അഭിലഷിക്കുന്നു.

തെറ്റുകൾ തിരുത്തുവാൻ ഇരുഭാഗവും വിനയത്തോടും ഹൃദയവിശാലതയോടും സന്നദ്ധരാകണം. പരിശുദ്ധകാതോലിക്കാബാവാതിരുമേനി സഭയിലെ ഒരു ഭാഗത്തിന്റെ—കാതോലിക്കാപാർട്ടിയുടെ—മാത്രമല്ല, മലങ്കരയുടെ പൊതുസ്വത്താണു് ആ തിരുമേനിയിൽ അടങ്ങിയിരിക്കുന്ന വിശ്വാസനിഷ്ഠയും പരിശുദ്ധജീവിത മാതൃകയും മലങ്കരയ്ക്കു മുഴുവനും അവകാശപ്പെടുവാൻ കഴിയണം. അതുപോലെ മാർ യൂലിയോസ് ബാവാതിരുമേനിയുടെ മനഃശക്തിയും അന്ത്യോഖ്യൻ ആചാരരീതികളും മറുഭാഗക്കാരും പഠിക്കേണ്ടതാണു്. തെക്കും വടക്കും, ബാവാകക്ഷിയിലും കാതോലിക്കാകക്ഷിയിലും ഉള്ള എല്ലാ തിരുമേനിമാരിലും അസാധാരണങ്ങളായ പല വിശിഷ്ടതകൾ ധാരാളമായിക്കാണാം. ഇവകളെല്ലാം ഒരു പാർട്ടിക്കു മാത്രമല്ല, സഭയുടെ എല്ലാ ഭാഗത്തും ഒരുപോലെ അനുഭവമാക്കപ്പെടുവാൻ ഇടയാകണം.

നമ്മുടെ സഭയിൽ യോജിപ്പുണ്ടാകരുതെന്നു് ആഗ്രഹിക്കുന്ന ആരെങ്കിലും കാണുമോ? ചിലർ പറയാറുണ്ടു് റീത്തുകാർ അത്തരക്കാരാണെന്നു്. ഞാൻ അതു വിശ്വസിക്കുന്നില്ല. മാർ സേവേറിയോസ് തിരുമേനിയെ അറിയുന്ന

# സുവിശേഷപ്രവർത്തനം—സഭയുടെ അവഗണിക്കപ്പെട്ട ജീവിതധർമ്മം

## II

"മിഷ്യനറി വേലയ്ക്കും ഐക്യത്തിനും വേണ്ടി സഭയുടെ ആഹ്വാനം" എന്ന ശീർഷകത്തിൽ അഖിലലോകസഭാ കൗൺസിൽ അടുത്തിയിട പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ ഇപ്രകാരം പറയുന്നു: "ഒരു ക്രിസ്ത്യാനി ആയിരിക്കുന്നതിനു സമസ്തലോകത്തിനും വേണ്ടിയുള്ള മിഷ്യനറിയത്നത്തിൽ നിശ്ചയമായും ഭാഗഭാക്കാകേണ്ടിയിരിക്കുന്നു; ഈ വാസ്തവം, സാധാരണഗതിയിലുള്ള സഭാജീവിതത്തിൽ പ്രതിഫലിക്കുന്നില്ലെന്നു് ആഴമേറിയ അനുതാപത്തോടേ നാം ഏററു പറയേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെപ്പററിയുള്ള ജ്ഞാനം സ്വന്തം അയൽവക്കത്തും ലോകമൊട്ടുക്കും പ്രചരിപ്പിക്കുന്നതിനുള്ള പ്രാഥമിക കർത്തവ്യത്തെപ്പററി, അന്തർമുഖയായ ഒരു സാധാരണ ഇടവക ചിന്തിക്കുന്നില്ല. ഈ അന്തർവ്യാവർത്തനം, സഭ മുഴുവന്റെയും ജീവിതത്തിലും ചിന്തയിലും നേതൃത്വത്തിലും നിഴലിക്കാതിരിക്കയില്ല." സാധാരണ ഗതിയിലുള്ള വേദശാസ്ത്രപഠനവും ബോധവും ഒരു മിഷ്യനറി സഭയെയല്ല, കർമ്മവിമുഖമായ ഒരു നിശ്ചലസഭയെയാണ് ചൂണ്ടിക്കാണിക്കുക.

### ആഭ്യന്തര നവീകരണത്തിന്റെ ആഹ്വാനം,

സഭയുടെ സുവിശേഷപ്രചരണശക്തിയുടെ വീണ്ടെടുക്കൽ, ഒന്നാമതായി, സഭയ്ക്കകത്തുള്ള നവീകരണത്തെ ആശ്രയിച്ചിരിക്കും. "മൂന്നാം ശതകത്തിൽ ഏററവും ശക്തിയേറിയ മിഷ്യനറി പ്രവർത്തനോപാധി സഭതന്നെയായിരുന്നു," ചരിത്രകാരനായ ഹാർനാക്ക് സുവിശേഷത്തിന്റെ സുശക്ത പ്രയാണം വിവരിക്കുന്നതിങ്ങനെയാണ്. മറെറാരുതരത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ പാപപരിഹാരപ്രവൃത്തിയുടെ മുഖ്യോപാധി മിഷ്യനറിസഭയായിരുന്നു.

ഇവാൻസ്റ്റൻ സമ്മേളനത്തിന്റെ സുവിശേഷപ്രചാരണവകുപ്പിന്റെ വിഷയം ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "സഭയ്ക്കു വെളിയിലുള്ളവർക്കു സഭയുടെ ദൗത്യം." ഈ മഹായത്നം സഭകൾ അഭിമുഖീകരിക്കുന്നതോടേ, സൈന്യസമൂഹങ്ങൾ ആവശ്യമായി വരും. ഒററതിരിഞ്ഞുള്ള കാലാൾ ഭടനോ ഈ വൃത്തി തൊഴിലാക്കിട്ടുള്ള സ്വമേധാ പ്രവർത്തകനോ മാത്രം പോരാ,—ഈ പോരാട്ടത്തിനു് പടയാളികളെ ചേർക്കാൻ സഭ സന്നദ്ധമാണോ? "ജഡരക്തങ്ങളോടുള്ള പോരാട്ട"മല്ല, "വാഴ്ചകളോടും, അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമുള്ള സമര"മാണത്. അത്തരത്തിലൊരു സമരത്തിനാണ് നാം അണിനിരക്കേണ്ടതു്.

### നമ്മുടെ യുഗത്തിലെ മത്സരിക്കുന്ന മതങ്ങൾ

സുവിശേഷപ്രവർത്തനധർമ്മം വ്യക്തികളുടെ മാനസാന്തരത്തിൽ ഒതുക്കി നിറുത്താവുന്ന ഒരു കാലഘട്ടമല്ലിതു്. വിശ്വാസസമൂഹങ്ങൾ തമ്മിലും, "സഭകൾ" തമ്മിലും, ആത്മീയശക്തികൾ തമ്മിലും മത്സരിച്ചു സമരം നടത്തുന്ന ഒരു അവസരമാണിതു്.

ഏതാനും തലമുറകൾക്കുമുമ്പ് നാമമാത്രമായിട്ടെങ്കിലും ക്രിസ്ത്യാനികളായിരുന്ന ജനസമൂഹങ്ങൾ കൂട്ടമായി സഭയിൽനിന്നു പൂർണ്ണമായും വിട്ടുപോയിട്ടുണ്ടു്. സാമൂഹികാസ്വാസ്ഥ്യം തിളച്ചുമറിയുന്ന ഈ ശതാബ്ദത്തിൽ, സുവിശേഷവുമായി ഒരിക്കലും സജീവസമ്പർക്കം പുലർത്തീട്ടില്ലാത്ത ചില സമൂഹങ്ങൾ പ്രത്യക്ഷപ്പെടുന്നുമുണ്ടു്. മററു ചിലവ, ഏഷ്യയിലും ആഫ്റിക്കയിലും അവിടങ്ങളിലെ പുരാതനമതങ്ങൾ കൂടിപ്പെട്ട്, സുവിശേഷം കേൾക്കുക പോലും ചെയ്യാതെ കഴിയുന്നു. രക്ഷയ്ക്കുവേണ്ടിയുള്ള ദാഹമോ മനുഷ്യപ്രത്യാശാസങ്കേതത്തിനായുള്ള അന്വേഷണമോ ഇവർ കൈവിട്ടിട്ടില്ല. പക്ഷേ അവർ രക്ഷയും പ്രത്യാശയും അന്വേഷിക്കുന്നതു് സംഘടിത ക്രിസ്തുമതത്തിനു വെളിയിലാണെന്നു മാത്രം. ക്രിസ്തീയസുവിശേഷത്തെ എതിർക്കുന്ന കമ്മ്യൂണിസം ഇതിനൊരു ദൃഷ്ടാന്തമാണ്. പാശ്ചാത്യലോകത്തിൽ, ശാസ്ത്രീയ ഹ്യൂമനിസം മറെറാരു സുശക്തവിരുദ്ധശക്തിയായി രംഗപ്രവേശം ചെയ്തുകഴിഞ്ഞു. ദൈവപുത്രൻ മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി വീണ്ടും വരുമെന്നുള്ള ക്രിസ്തീയ പ്രത്യാശയുടെ സ്ഥാനത്തു് ഒരു സാങ്കല്പിക സുവർണ്ണയുഗത്തെപ്പററിയുള്ള ഭൗതികവാഞ്ഛ സ്ഥാനംപിടിച്ചിരിക്കുന്നു. എല്ലാദേശത്തും മർദ്ദിതരും അവശരുമായ ജനവിഭാഗം മുന്നേറുകയാണ്.

ക്രിസ്തീയസുവിശേഷത്തോടുള്ള അവരുടെ അനാസ്ഥയെ കുററപ്പെടുത്തുന്നപക്ഷം, അവർ തിരിഞ്ഞു നിന്നു്, പാവപ്പെട്ടവരുടെ നേർക്കുള്ള അനാസ്ഥയ്ക്കു് ആരോപകരുടെ മേൽ ശകാരം വർഷിക്കും. പുരാതനസഭകളിലെ അംഗങ്ങൾ ഭൂരിപക്ഷം ആധുനിക സമുദായത്തിൽ നല്ല നിലയിൽ കഴിഞ്ഞുപോരുന്നവരാണെന്നുള്ളതിൽ സംശയമില്ല. "പ്രത്യാശയുടെ സമര"ത്തിൽ, ഇക്കൂട്ടരുടെ മുമ്പിൽ ചില പ്രതിബന്ധങ്ങളുണ്ടു്. ഇവരുടെ സാമാന്യനില സാഹചര്യസൃഷ്ടിയായിരിക്കാം. അവ[ർ]

---

വർ അങ്ങിനെ പറകന്നില്ല. ഒന്നാം തരം കുടുംബപാരമ്പര്യമുള്ള ബനഡിക്ട് മാർഗ്രീഗോറിയോസ് തിരുമേനി അങ്ങിനെ അഭിലഷിക്കയില്ല.

നാം പിരിയുകയല്ല, പങ്കുവെക്കുകയല്ല, ഒന്നാവുകയാണു വേണ്ടതു്, എന്റെ സഹോദരനും ഞാനും കൂടി അകലുകയോ? വേണ്ടാ വേണ്ട.

ഇത്രയും കാലം അകന്നുകഴിഞ്ഞുകൂടിയ നമുക്കു് അടുക്കുവാൻ ഒരു വല്ലായ്മ കാണും. അതു നിസ്സാരമാക്കിക്കൊണ്ടു നമുക്കു കൈയ്യോടുകൈ പിടിച്ചുകൊണ്ടു പുരോഗതിയിൽ നിന്നു പുരോഗതിയിലേക്കു്, അസമാധാനതാഴ്വരയിൽനിന്നു സ്നേഹപർവ്വതത്തിന്റെ കൊടുമുടിയിലേക്കു ഹാലേലൂയ്യാ പാടിക്കൊണ്ടു് ആത്തുകയറാം. പഴയസിമ്മനാരിയിലും ആലുവാസിമ്മനാരിയിലും, മഞ്ഞനിക്കരദയറായിലും ദേവലോകം അരമനയിലും ഒരേ സമയം സമാധാനത്തിന്റെ വെന്നിക്കൊടിയുയരട്ടെ. സമാധാന സന്ദേശവുമായി മലങ്കരയിലെ നിഷ്കളങ്കപ്രാവ് ഹോംസിലേക്കു പറക്കട്ടെ (വിമാനത്തിൽ ഇവിടത്തെ സംയോജനസന്ദേശവുമായി ഹോംസിലേക്കു പോകട്ടെ) അന്ത്യോഖ്യായുടെ അപ്രേംഇഗ്നാത്തിയോസും ഇൻഡ്യായുടെ ഗീവറുഗീസ് ബാസേലിയോസും പരസ്പരം ആലിംഗനം ചെയ്യുന്ന ആ സുദിനം, ആ പുണ്യദിനം, ആ പെരുന്നാൾ, സമാഗമിക്കട്ടെ. ആ ദിനം മലങ്കരസഭയുടെ പൊതു പെരുന്നാളായി ചിരകാലം നമുക്കാഘോഷിക്കാം. ദൈവം അതിനു ഇടവരുത്താതിരിക്കുമോ?

പി. പി. വർക്കി.

# കൈപ്പററി

## മാർ. ഏലിയാചാപ്പൽ സൺഡേസ്കൂൾ റിപ്പോർട്ട്

സമർത്ഥന്മാരും യുവാക്കന്മാരുമായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഭംഗിയായി നടക്കുന്നതും കോട്ടയം ഭദ്രാസനത്തിലെ സൺണ്ടേസ്കൂളുകളിൽ ഒരു പ്രമുഖസ്ഥാനം അലങ്കരിക്കുന്നതുമായ കോട്ടയം മാർ ഏലിയാചാപ്പൽ സൺഡേസ്കൂളിൻെറ 17-ാമതു റിപ്പോർട്ടു കൈപ്പററിയിരിക്കുന്നു. എല്ലാ സൺഡേസ്കൂളുകളും ഇതുപോലെ അതതുസ്കൂളുകളുടെ പ്രവത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള വാർഷികറിപ്പോർട്ടുകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നപക്ഷം ഇടവകാംഗങ്ങൾ സൺഡേസ്കൂൾ പ്രസ്ഥാനത്തോടു കൂടുതൽ സഹകരിക്കുമെന്നുള്ളതിനു രണ്ടു പക്ഷമില്ല.

റിപ്പോർട്ടുവർഷത്തിൽ ടി സൺഡേസ്കൂളിനു 871 രൂ. 10 ണ. 2 പൈസാ വരവും 458 രൂ. 6 ണ. ചെലവും ഉണ്ടു്.

## മാർ ഗ്രീഗോറിയോസ് സ്മാരകസംഘം.

അര ശതാബ്ദ കാലത്തിനു മുമ്പു സ്ഥാപിക്കപ്പെട്ടിട്ടുള്ള കുന്നംകുളം എം. ജി. എം. സംഘത്തിൻെറ പരിഷ്കരിച്ച ഭരണഘടനയും, 1953-ലെ സംക്ഷിപ്ത ഭരണറിപ്പോർട്ടും കൈപ്പററിയിരിക്കുന്നു. ഈ സംഘം ഏഴു ശാഖകളായി തിരിച്ചു് ഓരോ ശാഖയ്ക്കും ഓരോ ചെയർമാനെയും സെക്രട്ടറിയേയും തെരഞ്ഞെടുത്തു ഓരോശാഖകളും പ്രവത്തനം നടത്തിവരുന്നു. റിപ്പോർട്ടു വർഷത്തിൽ 3 പൊതുയോഗങ്ങളും 3 കമ്മിററിയോഗങ്ങളും കൂടീട്ടുണ്ടു്. സൺഡേസ്കൂൾ, കായികവേല, സാഹിത്യവേല, ഗോസ്പൽബ്രാഞ്ച്, വനിതാസമാജം, സാമൂഹ്യവേല, വിജാതി മിഷ്യൻ എന്നിങ്ങനെയുള്ള സപ്തവിധപ്രവത്തനങ്ങളും തികച്ചും അഭിനന്ദനീയമാണു്. പൊതുജനസഹായം അർഹിക്കുന്ന ഈ സ്ഥാപനത്തിനു് സഹായഹസ്തം നീട്ടേണ്ടതാണു്.

ഈ സംഘത്തിൻെറ രക്ഷാധികാരി മാർ തോമസ് ദീവന്നാസിയോസ് തിരുമേനിയും പ്രസിഡണ്ടു റെവ. ഫാ. കെ. സി. പാറേമ്മലും, കായികവേല, സാഹിത്യവേല, എന്നിവകളുടെ ചെയർമാൻ റെവ. ഫാ. കാക്കശേരി ജോസഫും, സുവിശേഷവേല സെക്രട്ടറി മി. സി. ഐ. ഡേവിഡുമാണു്. 1953-ൽ ആകെ 15954 രൂ. 4 പൈസാ വരവും 15530 രൂ. 11 ണ. 1 പൈസാ ചെലവും 423 രൂ. 5 ണ. 3 പൈസാ നീക്കിയിരിപ്പുമുണ്ടു്.

## അമേരിക്കയിലെ ക്രിസ്തീയപ്രസ്ഥാനം—ഇക്കൊല്ലത്തെ ധ്യാനയോഗങ്ങൾ

ഇക്കൊല്ലം ഏകദേശം 1400 അമേരിക്കർ തങ്ങളുടെ മദ്ധ്യവേനൽ ഒഴിവു്, ആശ്രമങ്ങളിൽ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ചെലവഴിക്കുന്നതാണു്. ഇവർ ഇരുപതോ അതിൽ കൂടുതലോ പേരടങ്ങിയ സംഘങ്ങളായി രാജ്യത്തിൻെറ വിവിധഭാഗങ്ങളിലായി പ്രകൃതിരമണീയമായ പരിസരങ്ങളിൽ സ്ഥിതി ചെയ്യുന്ന ആറു് ആശ്രമങ്ങളിൽ സമ്മേളിക്കും. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായിട്ടാണു ആശ്രമങ്ങളിൽ ധ്യാനയോഗങ്ങൾ നടത്തുന്നതു്.

നാഷനൽ കൗൺസിൽ ഓഫ് ചർച്ചസിൻെറ സുവിശേഷപ്രചരണവകുപ്പിൻെറ ആഭിമുഖ്യത്തിലാണു് ആണ്ടുതോറും ആശ്രമധ്യാനയോഗങ്ങൾ നടത്തിവരുന്നതു്.

അമേരിക്കയിലെ ആശ്രമപ്രസ്ഥാനത്തെപ്പററി നാഷനൽ കൗൺസിൽ ഓഫ് ചർച്ചസിൻെറ സുവിശേഷപ്രചരണവകുപ്പ് സെക്രട്ടറിയും ആശ്രമം ഡയറക്ടറുമായ ഡോ. എച്ച്. എച്ച്. മക്കോണൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "അമേരിക്കയിലെ ക്രിസ്തീയാശ്രമപ്രസ്ഥാനം ആരംഭിച്ചിട്ടു് ഇപ്പോൾ 15 കൊല്ലമായി. ഈ ആശ്രമങ്ങൾ അമേരിക്കരുടെ മതപരമായജീവിതത്തിനു് അപ്രതിമമായ ഒരു സംഭാവന നൽകിവരുന്നു. അവയുടെ പ്രവത്തനങ്ങളിൽ എല്ലാ ദേശക്കാർക്കും വർഗ്ഗക്കാർക്കും സഭാവിഭാഗക്കാർക്കും പങ്കെടുക്കാം. അവയുടെ കേന്ദ്രം ക്രിസ്തുവാണു്. ആശ്രമങ്ങളുമായി സമ്പർക്കം പുലർത്തുന്നവർ ക്രിസ്തുവാകുന്ന കേന്ദ്രത്തോടുകൂടിയ വ്യക്തികളായി ജീവിക്കുന്നതിനു് ആശ്രമങ്ങൾ സഹായിക്കുന്നു."

ഇന്ത്യയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച സുപ്രസിദ്ധ അമേരിക്കൻ മിഷ്യനറി ഡോ. ഇ. സ്റ്റാൻലി ജോൺസ് ആശ്രമപ്രസ്ഥാനം ഇന്ത്യയിൽനിന്നും അമേരിക്കയിൽ കൊണ്ടുവന്നു. ഇന്ത്യയിലെ ആശ്രമജീവിതസമ്പ്രദായത്തിൽ നിന്നാണു് ക്രൈസ്തവാശ്രമപ്രസ്ഥാനത്തിനു പ്രചോദനം ലഭിച്ചതു്. മേല്പറഞ്ഞ ആറു് ആശ്രമങ്ങളിൽവച്ചു നടത്തുന്ന ധ്യാനയോഗങ്ങളിൽ ഡോ. ജോൺസ് ദിവസം രണ്ടു പ്രസംഗം വീതം ചെയ്യുന്നതാണു്. അമേരിക്കരും വിദേശികളുമായ വേറെ ഏകദേശം 25 ക്രിസ്തീയനേതാക്കന്മാരും ധ്യാനയോഗങ്ങളിൽ പ്രസംഗിക്കുകയും ചർച്ചകൾക്കു നേതൃത്വം നൽകുകയും ചെയ്യും.

---

ടെ കുററമായിരിക്കണമെന്നില്ല അതിനു ഹേതു. എന്നിരിക്കിലും, ആമോസ് പ്രവാചകൻ പ്രസ്താവിക്കുന്നതുപോലെ, ദൈവ വചനം അവരെ ആത്മപരിശോധനയ്ക്കും അനുതാപത്തിനും ഉൽബോധിപ്പിക്കുന്നു: "സീയോനിൽ സ്വൈരികളായി, വീണാനാദത്തോടെ വ്യർത്ഥസംഗീതം ചെയ്തും, സ്വയം വിശേഷതൈലം പൂശിയും കഴിയുന്നവരേ, നിങ്ങൾക്കു് അയ്യോ കഷ്ടം നിങ്ങൾ ജനങ്ങളുടെ കേടിനെപ്പററി വ്യസനിക്കുന്നില്ലതാനും" (ആമോസ് 6: 1, 5 6,)

**Punnathra Tile Works Kottayam.**
ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

## വാര പഞ്ചാംഗം

| | ജൂലൈ | മിഥുനം |
|---|---|---|
| ഞായർ | 11 | 27 |
| തിങ്കൾ | 12 | 28 |
| ചൊവ്വാ | 13 | 29 |
| ബുധൻ | 14 | 30 |
| വ്യാഴം | 15 | 31 |
| വെള്ളി | 16 | 32 |
| ശനി | 17 | 1 |

**Thought for the Week**

"The human mind has knowledge of good and evil. The winning of that knowledge is called the Fall of Man, because acts, which before he won it were merely instinctive reactions to environments become through that knowledge sins against the light."

Archbishop Temple.

# THE CHURCH WEEKLY

## യൂത്തുസെക്രട്ടറി

ഓർത്തഡോക്സ് സുറിയാനിസഭയുടെ ദശവൽസര പുരോഗമനപദ്ധതിവളരെയധികം പുരോഗമിച്ചുകൊണ്ടിരിക്കുന്നതായി പറയാൻ നിവൃത്തിയില്ല: ദേവലോകം അരമനയുടേയും ചാപ്പലിന്റേയും സ്ഥാപനത്തിൽ ഒരു അടിയന്തിരാവശ്യത്തിന്റെ ഉത്സാഹവും തിട്ടക്കവും, ജാഗ്രതയും സമുദായാംഗങ്ങൾ പ്രത്യക്ഷപ്പെടുത്തി. ആവശ്യമെന്നു തോന്നുന്ന കാര്യങ്ങളിലും, അവസരങ്ങളിലും സമുദായത്തിനു് ഉണർന്നു പ്രവർത്തിക്കുവാൻ കഴിയുമെന്നുള്ളതിന്റെ ഒരു സ്മാരകമാണു് ആ അരമനയും ചാപ്പലും. എന്നാൽ ദീർഘനാൾ ഏതൊരു കാര്യത്തെപ്പററിയും ഉൽസാഹവും പ്രയത്നങ്ങളും നിരന്തരമായി പാലിച്ചുകൊണ്ടു പോകുന്നതു് അത്രതന്നെ എളുപ്പമായ കാര്യമല്ല. ഒരു അടിയന്തിരഘട്ടത്തിലോ, ആപൽസന്ധിയിലോ സാധാരണക്കാർ പോലും അന്യാദൃശമായ വിപത്തി ധൈര്യവും, ത്യാഗസന്നദ്ധതയും പ്രദർശിപ്പിക്കുന്നതു് അത്രവളരെ അസാധാരണങ്ങളായ സംഭവങ്ങളല്ല. എന്നാൽ ദൈനംദിനജീവിതത്തിൽ അ ഗുണവിശേഷങ്ങളിലുള്ള ഉന്നതനിലവാരം അവർ തന്നെ പ്രദർശിപ്പിച്ചു കാണുന്നില്ല. അമാനുഷികമായ ഒരുകഴിവാണതു്. അത്ഭുതകരമായ ജീവിതചൈതന്യത്തിൽ അടിയുറച്ച ദുർല്ലഭമായ ചില മഹാത്മാക്കളിൽ മാത്രം കണ്ടുവരുന്ന ഒരു വ്യത്യസ്തമാതൃകയാണതു്.

ഓരോ ദിവസത്തെയും ചെറിയ ചെറിയ കാര്യങ്ങളിൽ ഓരോരുത്തർ പ്രവേശിക്കുകയും പെരുമാറുകയും ചെയ്യുന്ന വിധമാണു് മഹാത്മാക്കളെ വേർതിരിച്ചെടുക്കാൻ ഉള്ള മാർഗ്ഗം. തിന്നുകയും കുടിക്കുകയും, ഉറങ്ങുകയും ജോലിചെയ്യുകയുംവിനോദംപറയുകയും കളിക്കുകയും അന്യന്മാരോടു പെരുമാറുകയും ചെയ്യുന്നസാധാരണ സംഭവങ്ങളിലെല്ലാം ആ മാഹാത്മ്യത്തിന്റെ വ്യത്യാസം കാണുവാൻ കഴിയും. അങ്ങനെയുള്ള സാധാരണ ജീവിതത്തിലെ നിസ്സാരസംഭവങ്ങളെന്നു തള്ളിക്കളയുന്നതു ഒഴിച്ചാൽ പലരുടെയുംജീവിതംശൂന്യമായിരിക്കും. അതുകൊണ്ടു് ജീവിതം സാധാരണവും നിസ്സാരവുമായ സംഭവങ്ങളുടെ ആകെത്തുകയാണു്. സെക്കണ്ടോ, മിനിറേറാ, നിസ്സാരങ്ങളാണെന്നു തോന്നാമെങ്കിലും, മിനററുകളാണു് മണിക്കൂറുകളെയും, മണിക്കൂറുകൾ ദിവസങ്ങളെയും ദിവസങ്ങൾ ആഴ്ചകളെയും, മാസങ്ങളേയും ആണ്ടുകളെയും സൃഷ്ടിക്കുന്നതെന്നു നാം ഓർക്കാറില്ല. അതുകൊണ്ടു് സാധാരണജീവിതത്തിന്റെ മാഹാത്മ്യമാണു് ജീവിതമാഹാത്മ്യത്തിന്റെ മാനദണ്ഡമെന്നു് നാം ധരിച്ചാൽ ദശവത്സരപദ്ധതിപോലെയുള്ള വിപുലപദ്ധതികളുടെ വിവിധഘടകങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ പ്രാധാന്യം നാം മനസ്സിലാക്കും. കേന്ദ്രത്തിലെ ഭണ്ഡാരം ശുഷ്കമായതുകൊണ്ടു് സർവ പ്രവർത്തനങ്ങളും പണമുണ്ടാകുന്നതുവരെ താമസിപ്പിക്കുന്നതു് ശരിയായിരിക്കയില്ല. ആളില്ലെങ്കിൽ താമസിപ്പിക്കുന്നതു് ക്ഷന്തവ്യമായിരിക്കാം. എന്നാൽ ആൾ ഉണ്ടായ ശേഷവും പണമില്ലെന്നുള്ള കാരണത്താൽ പ്രവർത്തനങ്ങൾ മാററിവയ്ക്കുന്നതു് ദൈവാശ്രയത്തിലും ദൈവവിശ്വാസത്തിലും നമ്മുടെ പ്രവർത്തനങ്ങളും, പ്രവർത്തകരും വളരുവാനുള്ള സൗകര്യങ്ങളെ മാററിവയ്ക്കുകയായിരിക്കും. അങ്ങനെയൊരു അലസതവന്നുഭവിക്കാതിരിക്കാൻ കരുതി പ്രവർത്തിച്ചില്ലെങ്കിൽ സഭയുടെആദ്ധ്യാത്മിക നിലവാരം മന്ദീഭവിച്ചു പോകാനിടയുണ്ടു്. കേന്ദ്രത്തിന്റെ ഒരു പ്രധാന പ്രവർത്തനശാഖയായി ദശവത്സരപദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതു് യുവജനങ്ങളുടെ ഇടയിലുള്ള ജോലിയാണു്. സഭയുടെ യുവാക്കൾ അതിന്റെ സുപ്രധാന സമ്പത്താണു്. അവരുടെ ഭക്തിയുടെയും, ഉത്സാഹത്തിന്റെയും കഴിവിന്റേയും സംഭാവനകൾസഭയുടെ പുരോഗതിയെ കുതിപ്പിച്ചു മുൻപോട്ടു നയിക്കും. അവരുടെ ആത്മാർത്ഥമായ സഹകരണം സമ്പാദിച്ചു കഴിഞ്ഞാൽ ഒരു സഭയ്ക്കും അതിന്റെപദ്ധതികളുടെപ്രയോഗക്ഷമതയെപ്പററി ശങ്കിച്ചു നിൽക്കേണ്ട ആവശ്യം നേരിടുന്നതല്ല. അത്ര സുപ്രധാനമായ പങ്കു വഹിക്കാനുള്ള ഒരു രംഗത്തിൽ നാം വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരിക്കാൻ പണംപോലെ പ്രവർത്തകരുടെ അഭാവവും ഒരു കാരണമായിവർത്തിച്ചിരിക്കാം. കേന്ദ്രത്തിലെ വർക്കിംഗ് കമ്മററി ആ കാര്യത്തിൽ അല്പം ശങ്കിച്ചു നിന്നിരുന്ന കാരണങ്ങളിൽ ഒന്നിനു് പരിഹാരം ഉണ്ടായിട്ടുണ്ടു്. യുവജനപ്രവർത്തനങ്ങളിൽ പങ്കെടുത്തു പരിചയവും വേദശാസ്ത്രബിരുദവും സമ്പാദിച്ചിട്ടുള്ള ഒരു യൂത്തു് സെക്രട്ടറിയെ ഇപ്പോൾ ലഭിച്ചിട്ടുണ്ടു. മി. ററി. സി. ഉമ്മൻ ബി. ഏ. ബി. ഡി. യെ യൂത്തു് സെക്രട്ടറിയായി വർക്കിംഗ്കമ്മററി നിയോഗിച്ചിരിക്കയാണു്. വർക്കിംഗ്കമ്മററിയുടെ വിപുലമായ ചുമതലകൾക്കിടയിൽ യൂത്തുശാഖയിൽതന്നെ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുവെന്നു വരാൻ സാദ്ധ്യതയില്ല. അതിനു പരിഹാരമായി യൂത്തുവർക്കിനു സഹായകമായി ഒരു കമ്മിററി പ്രവർത്തനം നടത്തുവാനും രൂപീകൃതമായിട്ടുണ്ടു്. ഈ സഹായകമ്മിററിയും, കേന്ദ്രവർക്കിംഗ് കമ്മിററിയും തമ്മിലുള്ള സഹകരണവും പരസ്പരധാരണയും പ്രവർത്തനത്തിന്റെ പുരോഗതിക്കും കാര്യക്ഷമതക്കും അത്യന്താപേക്ഷിതമാണു്. എന്നാൽ സഹായകമ്മിററിയുടെ പ്രവർത്തനത്തെ സഹായിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്നതിനു വ്യക്തമായ ചില നടപടിക്രമങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. കഴിഞ്ഞ വർക്കിംഗ്കമ്മിററിയിൽ ഇതിനെപ്പററി ചില നിർദ്ദേശങ്ങൾ ഉണ്ടായതായറിയുന്നു. നിർദ്ദേശങ്ങൾ അവസാനരൂപം പ്രാപിച്ചിട്ടില്ല. അടുത്ത കമ്മിററിയിൽ അതു തീരുമാനിക്കപ്പെടുമായിരിക്കാം. സബ്കമ്മിററികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ മൂന്നു മാസത്തിലൊരിക്കൽ കേന്ദ്രക്കമ്മിററിക്കു സെക്രട്ടറി സമർപ്പിക്കണമെന്നുള്ള ഒരു പതിവു നല്ലതാണു്. അതു കൂടാതെ സഹായക്കമ്മിററി രൂപവൽക്കരിക്കുന്ന ഒരു ബഡ്ജററു കേന്ദ്രക്കമ്മിററിയുടെ അനുമതിക്കു വിധേയമാക്കുന്നതുകൊള്ളാം. ആണ്ടവസാനമുള്ള റിപ്പോർട്ടിൽ വരവുചെലവുകണക്കുകൾ കേന്ദ്രക്കമ്മിററിയുടെ നിരീക്ഷണത്തിനു വിധേയമാക്കിയശേഷം പ്രസിദ്ധപ്പെടുത്തുകയും ചെയ്യാവുന്നതാണു്, ഇതിൽ കൂടുതലുള്ള ഇടപെടലുകൾ കേന്ദ്രക്കമ്മിററിക്കു കൂടുതൽ ശല്യവും,

അസ്സീസ്സിയിലെ ഫ്രാൻസിസ് 2

# ഉറയൂരിയ വാൾ

(എം. കെ.)

മുടന്തിമുടന്തി പടിവാതിൽക്കലോളം നടന്ന് ആ യുവാവ് ബാഹ്യലോകത്തിലേക്ക് എത്തിനോക്കി. പെറൂഗ്യായിലെ ജയിലറയിൽനിന്ന് ഇതിനകം ബന്ധനവിമുക്തനായിക്കഴിഞ്ഞെങ്കിലും, രോഗബാധിതനായി ഏതാനും ആഴ്ചകൾ ശയ്യാവലംബിയായി കഴിയേണ്ടിവന്നതിനാൽ ശരീരം തീരെ ശോഷിച്ച് ഊതിയാൽ പറക്കത്തക്ക തരത്തിൽ അവശതയിലായിരുന്നു. ഇന്നാദ്യമാണ് മുറിക്കു വെളിയിലിറങ്ങുന്നത്. പടിവാതിൽ വരെ ചെന്നു തനിക്കു സുപരിചിതമായ ഭൂപ്രകൃതിയുടെ രാമണീയകത ഒന്നാസ്വദിക്കാമെന്നു വിചാരിച്ചു. അത്ഭുതമെന്നേ പറയേണ്ടൂ. ഭൂതകാലങ്ങളിൽ ആ യുവഹൃദയത്തിൽ കുളിർമ്മ കോരിയിരുന്ന പ്രകൃതിസൗന്ദര്യം ഇന്നു യാതൊരു വികാരവിശേഷവും സ്ഫുരിപ്പിക്കാൻ പ്രാപ്തമാവുന്നില്ല. കാടുകളും കൃഷിവയലുകളും നിറഞ്ഞു അനാകർഷകമായ പർവ്വതങ്ങളാൽ വലയിതമായ ഒരു വിസ്തൃതസാനുപ്രദേശമാണത്. അതിനോടൊരു സ്നേഹമോ വാത്സല്യമോ ഇന്നു തോന്നുന്നില്ല. സ്നേഹശൂന്യത രോഗപീഡിതമായ ഒരനുഭവമാണ്. സദാ പ്രസാദാത്മകമായ തന്റെ മനസ്സിനു് ഉന്മേഷമരുളാൻ പ്രകൃതിസൗന്ദര്യത്തിനു പോലും ഇന്നു കഴിയുന്നില്ല.

ഫ്രാൻസിസ് നെറ്റി ചുളിച്ചു. എനിക്ക് ഇന്ന് എന്തു പറ്റി? എന്താണ് എന്റെ ശോകഭാവത്തിനു കാരണം? സ്വന്ത ജീവിതത്തിന്റെ തിരച്ചുരുളുകൾ പലതും മനസ്സിലൂടെ അതിവേഗം വിടർന്നു മറിയാൻ തുടങ്ങി.

പീട്രോ ബർണാഡണിനും ഭാര്യ പൈക്കാസ്സും ഒരു ശിശു ജനിച്ചു. ഒരു പ്രേമലോലുപനും ഒരു കലാകാരനും ഒരു മിസ്റ്റിക്കും ആ ശിശുവിൽ സമ്മോഹനമായി ഇണങ്ങിച്ചേർന്നിരുന്നു. പ്രേമലോലുപൻ സദാ ശാശ്വതികസ്സുവേണ്ടി അലയുന്നു; പരിപൂർണ്ണതയാണ് കലാകാരനാവശ്യം. ഏകവും പൂർണ്ണവും അനാദ്യന്തവും നിശ്ചലവുമായ ഒന്നിനുവേണ്ടിയാണ് മിസ്റ്റിക്കിന്റെ നോട്ടം. ഇന്ന് ഏകാന്തയായ ആ പ്രേമലോലുപൻ ശാശ്വതമായ എന്തോ ഒന്നിനു വേണ്ടി ദാഹിച്ചു. സർവ്വത്ര നശ്വരത മാത്രമാണ് ആ യുവാവ് ദർശിച്ചത്. എല്ലാത്തിനും മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. എല്ലാം കൊഴിഞ്ഞുവീണു നശിക്കുന്നു. രണ്ടു പ്രാവശ്യം ഒരേ നദിയിൽ കാൽവയ്ക്കാൻ ഒരുവനു കഴിയുന്നില്ല. മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിലെല്ലാം ആ കലാകാരൻ എന്തോ തകരാറു കണ്ടു. ഒരപൂർണ്ണത, എവിടെയോ അപസ്വരം കലർന്നതായി ഒരു തോന്നൽ. അയാളിലെ മിസ്റ്റിക്ക് ദൈവവുമായും സർവ്വപ്രപഞ്ചവുമായും ഏകീഭവിക്കുന്നതിനാഗ്രഹിച്ചു. എന്നാൽ ദൈവത്തിൽനിന്നുള്ള ഒരകൽച്ച, ദൈവസൃഷ്ടമായ പ്രപഞ്ചത്തിൽ നിന്ന് ഒററതിരിഞ്ഞു വ്യതിരിക്തനായിത്തീർന്ന ഒരു പ്രതീതിയാണ് ഫ്രാൻസിസിനുണ്ടായത്. തന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ പോരുന്ന യാതൊന്നും അയാൾ കണ്ടില്ല. സമതലങ്ങൾക്കും ശൈലപ്രദേശങ്ങൾക്കും നീലാംബരത്തിനുമിടയ്ക്കു യാതൊന്നിലും പരിപൂർണ്ണത കാണുന്നതിനും അയാൾക്കു കഴിഞ്ഞില്ല. ലോകത്തിൽനിന്ന് അർത്ഥവും ലാവണ്യവും ഓടിയൊളിച്ചുവെന്നോ?

കീർത്തി! ഫ്രാൻസിസിനു യശസ്സാണാവശ്യം. എന്നാൽ ഇതുവരെ പ്രസിദ്ധി നേടിക്കഴിഞ്ഞിട്ടില്ല. വയസ്സ് 22 കഴിഞ്ഞു. ഉൽക്കർഷേച്ഛകളുടെ പരിമാണം വിപുലമാകുന്നതനുസരിച്ചു കീർത്തി വളർന്നു കാണാറില്ല. ഒരു നിമിഷനേരത്തേക്കു ഫ്രാൻസിസ് ഒരു മിന്നൽപ്പിണർ കണ്ടു. സ്വന്തം മഹിമയും പ്രയോജനവും അന്വേഷിക്കുന്ന മനുഷ്യനു് ഒരിക്കലും ആനന്ദാനുഭൂതിയുണ്ടാകയില്ലെന്ന് ആ യുവാവ് അവിടെ വായിച്ചു. ശാശ്വതനായ ദൈവത്തോടു ഏകീഭവിച്ച് ജീവിതം മുഴുവൻ ആ ദൈവത്തിന്റെയും അദ്ദേഹത്തിന്റെ മക്കളുടെയും സേവനത്തിനു സമർപ്പിക്കുക മാത്രമാണ് സന്തുഷ്ടിക്കു ഏകമാർഗ്ഗം എന്നയാൾ കണ്ടു. പക്ഷേ പാടില്ല; ഒരിക്കലും പാടില്ല. ആ മാർഗ്ഗം പിന്തുടരുക സാദ്ധ്യമല്ല. ഫ്രാൻസിസിന്റെ സ്വഭാവം പിളർക്കപ്പെട്ടിരിക്കുന്നു. പിതാവിന്റെ പുത്രനാണ് ഫ്രാൻസിസ്. അതേസമയം മാതാവിന്റെയും. തന്റെ പ്രേമഗാനങ്ങൾക്കും ഹർഷപ്രദങ്ങളായ വീരസാഹസികകഥകൾക്കും ദൈവത്തെപ്പററിയുള്ള ചിന്തകൾക്കും സ്വമാതാവിനോടാണ് ഫ്രാൻസിസിനു കടപ്പാട്. ഒരു ദിവസം താനൊരു "ദൈവമനുഷ്യനാ"യിത്തീരുമെന്നുള്ള പ്രതീക്ഷ അമ്മ ഓമനിച്ചു വളർത്തുന്നുണ്ടെന്ന് മകനറിയാം. എന്നാൽ, ആ മകന്റെ സൃഷ്ടിയിൽ പീട്രോബർണാഡണിനും വലിയൊരു പങ്കുണ്ട്. സത്യസന്ധനും കഠിനാദ്ധ്വാനിയും നല്ലവനുമായ ഒരു ജൗളിക്കടക്കാരൻ മൂല്യങ്ങൾ സംബന്ധിച്ചിടത്തോളം ആ പിതാവിന്റെ നില തീരെ താണതായിരുന്നു. കച്ചവടക്കാരന്റെ അളവുദണ്ഡുകൊണ്ടാണ് അയാൾ ജീവിതവിജയത്തെ അളക്കുന്നത്. സമ്പത്തിലും വിശിഷ്ടവസ്ത്രങ്ങളിലും ആ പിതാവു അഭിമാനം കൊണ്ടു. തന്റെ മക്കൾക്ക് സമുദായത്തിൽ മാന്യമായ നിലനേടിക്കൊടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായി. ഫ്രാൻസിസിലും ഇവയെല്ലാം കാര്യമായി എണ്ണിയെന്നതാണ് നിർഭാഗ്യകരം. നിറഞ്ഞ പേഴ്സും വർണ്ണശബളിമയും പട്ടണത്തിലെ ഉന്നതവംശജരുടെ കൂടെയുള്ള സഹവാസവും ആ യുവാവിനു് സുഖം നൽകി. അസ്സീസ്സിലെ ബഹളംപിടിച്ച യുവാക്കന്മാരിൽ ഏററവും പ്രസിദ്ധനായ വ്യക്തിയെന്നനില അയാളെ ഉന്മത്തനാക്കി. ശ്രോതാക്കളെ ആനന്ദതുന്ദിലരാക്കിവന്ന തന്റെ സ്വരമാധുര്യത്തിൽ ഫ്രാൻസിസ് അഭിമാനിച്ചു. കണ്ണഞ്ചിക്കുന്ന വസ്ത്രങ്ങൾ ധരിച്ച് കൂട്ടുകാരുമായി വീരവാദവും

---

സഹായകക്കമ്മിററിയുടെ പ്രവർത്തനത്തിനു വിഘ്നവുമായി പരിണമിക്കുന്നതാണ്. കേന്ദ്രഫണ്ടിൽനിന്ന് ഓരോ സബ്ക്കമ്മിററിക്കും ഗ്രാന്റു് നൽകുന്നതു് ഈദൃശപ്രവർത്തനങ്ങൾക്കു ഒഴിച്ചുകൂടാൻ പാടില്ലാത്ത പ്രോത്സാഹനവുമായിരിക്കും. എല്ലാ സബ്ക്കമ്മിററികളുമായുള്ള ബന്ധം ഈ രൂപത്തിൽ കേന്ദ്രവർക്കിംഗ് കമ്മിററി പുലർത്തിയാൽ സബ്കമ്മിററികളുടെ പ്രവർത്തനക്ഷമതയും പ്രവർത്തനങ്ങളുടെ സംയോജനവും സാധിക്കുന്ന ഒരു പാരമ്പര്യം സൃഷ്ടിച്ചു സുസ്ഥിരമാക്കാവുന്നതാണ്. സബ്ക്കമ്മിററിയുടെ വികസനസ്വാതന്ത്ര്യവും, ചുമതലയും വർദ്ധിപ്പിക്കുന്നതരത്തിൽ കേന്ദ്രക്കമ്മിററി ഈ കമ്മിററികളിൽ വിശ്വാസവും പ്രതീക്ഷകളും അർപ്പിക്കുന്നതായാൽ സൗഹാർദ്ദപൂർവമായ പല വികസനപദ്ധതികളും യൂത്തുക്കമ്മിററിയിലെന്നതുപോലെ രൂപമെടുത്തു വരാതിരിക്കയില്ലെന്നു ന്യായമായി ആശിക്കാം. പുതിയ യൂത്തുസെക്രട്ടറിയുടെയും കമ്മിററിയുടെയും വിജയപൂർവമായ പ്രവർത്തനത്തിനു സമുദായാംഗങ്ങൾ സർവ സഹകരണങ്ങളും നൽകി സഹായിക്കുമെന്നു വിശ്വസിക്കുന്നു.

മുഴക്കി അയാൾ ആർത്തു തിമത്തു നടന്നിരുന്നു. അതെല്ലാം തികച്ചും ആഭാസവും അങ്ങേയററം പരിഹാസ്യവുമായിരുന്നു. കളങ്കം കലരാത്തതോ മുഴുവനും ഉത്തമമോ ആയി ആ യുവാവിൽ ഒന്നുമുണ്ടായിരുന്നില്ല.

ആരെയെങ്കിലും കാണുന്ന മാത്രയിൽ തന്നിലുണ്ടാകുന്ന സൗമനസ്യത്തിന്റെ കുതിച്ചുപായൽ അയാൾ മറന്നു കഴിഞ്ഞിരിക്കുന്നു. ഒരിക്കൽ പിതാവിന്റെ പീടികയിൽ ഏതോ പ്രശസ്തസന്ദർശകന്നു് തുണിത്തരങ്ങൾ കാണിച്ചുകൊടുക്കുന്ന സന്ദർഭത്തിൽ ദൈവനാമത്തിൽ ഭിക്ഷ ചോദിച്ച പാവപ്പെട്ട മനുഷ്യനെ ദേഷ്യപ്പെട്ടു് ആട്ടിയോടിച്ച സംഭവം ഫ്രാൻസിസ് ഇപ്പോൾ അനുസ്മരിച്ചോ എന്തോ? ആ യാചകൻ സങ്കടത്തോടേ നടന്നകന്നു. അയാൾ പുറം തിരിച്ചപ്പോഴേക്കും ഫ്രാൻസിസിന്റെ ഹൃദയം അസ്വസ്ഥമായി. കുന്തംകൊണ്ടു കുത്തിയാലെന്നവണ്ണം വേദന അനുഭവപ്പെട്ടു. പുറകേ ഓടിയെത്തി, അയാൾക്കു ദാനംചെയ്തശേഷം മാത്രമേ ഫ്രാൻസിസിനു സ്വാസ്ഥ്യം അനുഭവപ്പെട്ടുള്ളൂ. നിസ്സഹായർക്കും നിരാധാരർക്കും വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുക എത്ര അത്ഭുതകരമായിരിക്കും! പക്ഷേ, അതു സാധ്യമല്ല. താൻ കണ്ട ഉൽകൃഷ്ടകാര്യങ്ങൾ പിന്തുടരാൻ തക്ക ശക്തി തനിക്കില്ല. ഒരു ദീർഘനിശ്വാസത്തോടേ ഫ്രാൻസിസ് മുടന്തി വീട്ടിനുള്ളിലേക്കു് മടങ്ങി.

പടിവാതിൽക്കൽനിന്നു് മുറ്റത്തിലൂടെ ആ മടക്കയാത്രയിൽ ആ യുവാവിന്റെ അന്തരംഗം ഒരു സമരഭൂമിയായി മാറി.

അവന്റെ ആത്മാവു് അസ്വസ്ഥമായി ചലിക്കാൻ തുടങ്ങി. ദൈവത്തിന്റെ വാൾ ഉറയൂരി ഒരു നിമിഷത്തേക്കു് മുമ്പിൽ പ്രത്യക്ഷപ്പെട്ടു. എവിടെയെങ്കിലും വേദന കാണുന്ന മാത്രയിൽ ഫ്രാൻസിസിനെ കുത്തിവേദനിപ്പിക്കുന്ന വാളായിരുന്നു അതു്. ഭീകരമായ ഒരായുധം. അതു തന്റെ ഹൃദയത്തെ ഭേദിക്കുന്നതിനനുവദിച്ചാൽ, താൻ ഇന്നു് മോഹനമായി എണ്ണുന്ന പ്രതാപങ്ങളും ഉൽക്കർഷേച്ഛകളുമെല്ലാം ഹനിക്കപ്പെട്ടു് അവയോടെല്ലാം യാത്ര പറയേണ്ടിവരും. നേരേമറിച്ചു ഇപ്പോൾ പുറം തിരിഞ്ഞു മാറുന്നപക്ഷം, അതൊരു ഭീരുത്വമായിരിക്കും. ഒരു പരാജയസമ്മതം ഫ്രാസിസ് മുറിക്കുള്ളിൽ കയറി, വാതിലടച്ചു. വാൾ വീണ്ടും ഉറയ്ക്കുള്ളിലായി.

## Letter to the Editor

## മാർ ബർത്തുൽമായി ശ്ലീഹായും ഇരവികോത്തനും

സർ,

ബത്തലോമ്മാശ്ലീഹാ ഇൻഡ്യാ വരെ വന്നതായി ഒരു ഐതിഹ്യമുണ്ടു് എന്നു് ഏപ്രിൽ 25-ലെ ലക്കത്തിൽ മിസ്റ്റർ ആൻഡ്റൂസ് പറയുന്നു (10-ാം പുറം) കെ. എം. മുൻഷി പ്രസാധനം ചെയ്തു പ്രസിദ്ധപ്പെടുത്തിവരുന്ന പുതിയ ഇൻഡ്യാചരിത്രത്തിലും അദ്ദേഹം നമ്മുടെ ഇൻഡ്യയിൽ വന്നെന്നാണു പറഞ്ഞിരിക്കുന്നതു്. എന്നാൽ ആ ശ്ലീഹായുടെ ഇൻഡ്യയെപ്പററി ഏററവും പുരാതന (നാലാം ശതകത്തിലെ) രേഖ പറയുന്നതു് എത്യോപ്യായോടു ചേർന്ന (Adherent to) ഇൻഡ്യാ എന്നാണു്. അതു് അറേബിയായുടെ ദക്ഷിണഭാഗമാണു്. ആ ശതകത്തിൽ എത്യോപ്യാരാജാവിന്റെ കീഴിലായിരുന്നു അറേബിയാ. നമ്മുടെ ഇൻഡ്യാ—പാക്കിസ്ഥാൻ അങ്ങനെയല്ലായിരുന്നു താനും. ആ ശതകത്തിലും മററും എത്യോപ്യാ, അറേബ്യാ മുതലായവയെ ഇൻഡ്യയെന്നു തെററായി വിളിച്ചുപോന്നു. ബത്തലോമ്മാ വന്ന ഇൻഡ്യ അറേബിയാ ആണെന്നു് ഡോക്ടർ മിംഗാനാ (Dr. Mingana) സ്ഥാപിച്ചിട്ടുണ്ടു്. ആ വിവരം ഞാൻ ശ്രീ മുൻഷിയെ അറിയിച്ചിട്ടുമുണ്ടു്. അച്ചടിച്ചുപോയതിനി തിരുത്താനൊക്കുമോ എന്തോ? മാർത്തോമ്മാ ശ്ലീഹായെപ്പററിയും അതിൽ തെററു പറഞ്ഞിട്ടുണ്ടു്. ബ്രിട്ടാനിക്കു് എൻസൈക്ലോപ്പീഡിയായിലുമുണ്ടു്. രണ്ടിന്റെയും എഡിററന്മാരെ ആ വിവരം ഞാനറിയിച്ചിട്ടുണ്ടു്.

4-ാം പേജിലെ ശെമഓൻ ദസ്തൂനിക്കു് (Simon Stylites) എന്നാണു് ലത്തീൻ പേരു്. സ്തൂനി എന്ന സുറിയാനിവാക്കും, സംസ്കൃതസ്ഥൂണവും തമ്മിൽ സംബന്ധമുണ്ടോ? (മലയാളം തൂണാണല്ലൊ). മെത്രാൻ സുറിയാനി വാക്കാണോ? മെത്രാപ്പോലീത്താ ഗ്രീക്കിലും ലത്തീനിലുമുണ്ടു്, ഗ്രീക്കിൽ (യവനായയിൽ) നിന്നാണോ മെത്രാൻ എന്ന വാക്കു് സുറിയാനിക്കു കിട്ടിയതു്? 1498-ൽ പറങ്കി മലങ്കരെ വന്നതിനു മുമ്പു സുറിയാനിക്കാർ മെത്രാനെന്ന വാക്കാണോ ഉപയോഗിച്ചിരുന്നതു്, മെത്രാപ്പോലീത്തായും പൃലാത്തീനും 1498-നു മുമ്പു സുറിയാനിക്കാക്കുണ്ടായിരുന്നോ? (മലങ്കരെയോ പരദേശത്തോ?) മാർത്തോമ്മായുടെ പ്രക്സീസിൽ (ക്രി. 210) മെത്രാനോ മെത്രാപ്പോലീത്തായോ ഇല്ലെന്നാണെന്റെ അറിവു്. അതു ശരിയോ? അതിനു ശേഷം ഏതു സുറിയാനി കൃതി

**ജയഭാരതം ആര്യവൈദ്യശാല (Regd.)**

**H. O. പുനലൂർ.**

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ടു്, കല്ലിശ്ശേരി, എഴുകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ടു്, ചെങ്ങമനാട്ടു്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

# വേദവായനക്കുറിപ്പുകൾ

**തിങ്കൾ. യോഹ: 3. 1—12.**

നമ്മിൽ പലരും നമ്മുടെ ക്രൈസ്തവാനുഭവങ്ങളെക്കുറിച്ച് സംസാരിക്കുന്നതിൽ വിമുഖരാണ്. കർത്താവിനെ സ്നേഹിക്കുവാൻ നാം ശ്രമിക്കുന്നു; എന്നാൽ അതേപ്പററി സംസാരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. ആദിമക്രൈസ്തവർ ഈ നിലപാടിൽനിന്ന് ഭിന്നരായിരുന്നു. "ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല." നമ്മുടെ വൈമുഖ്യം ആത്മാർത്ഥവും സ്വാഭാവികവുമായ സങ്കോചത്തിൽ നിന്നുൽഭവിക്കുന്നതാണെങ്കിൽ അതു് തെററായിരിക്കണമെന്നില്ല. ആൾക്കൂട്ടത്തിനിടയിൽ പിന്നിൽക്കൂടെ വന്നു് തന്റെ വസ്ത്രത്തിൽ സ്പർശിച്ചു സുഖം പ്രാപിച്ച ആ സ്ത്രീയെ കർത്താവു് പ്രശംസിക്കുകമാത്രമാണു ചെയ്തതു്. എന്നാൽ നമ്മുടെ സങ്കോചം നമ്മുടെ സംശയങ്ങൾക്കും വിശ്വാസക്കുറവിനുമുള്ള ഒരു മറ മാത്രമത്രേ. നിക്കോദേമോസിന്റെ കുറവു് രഹസ്യമായി വന്നു തന്നെ കണ്ടതിലല്ല. അവന്റെ കുറവു് വിശ്വാസദാരിദ്ര്യമായിരുന്നു. കർത്താവിനെ കുറിച്ചു് അവൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവനിൽ ഗാഢമായി പതിഞ്ഞിരുന്നു. എന്നാലും തന്നെത്തന്നെ ക്രിസ്തുവിനു സമർപ്പിക്കുന്നതിനു് അവൻ സന്നദ്ധനായിരുന്നില്ല. ഇന്നു് നാം കാണുന്ന ക്രിസ്തീയ വിശ്വാസം ഇതിൽനിന്നു് വളരെ ഭിന്നമല്ല. ശീതവാനും ഉഷ്ണവാനും അല്ലാത്ത ഒരു പ്രകൃതമാണു നാം പലരിലും കാണുന്നതു്. ക്രിസ്തീയവിശ്വാസം ഒരു അഭിപ്രായത്തിൽ കവിഞ്ഞു് അടിയുറച്ച വിശ്വാസമായിട്ടില്ലെന്നുള്ളതാണു അതിനു കാരണം. അങ്ങനെയുള്ളവരിൽ കാര്യമായി യാതൊന്നും പ്രവർത്തിക്കുവാൻ ക്രിസ്തുവിനു സാദ്ധ്യമല്ല. പരിശുദ്ധാത്മാവു് സ്വതന്ത്രമായി നമ്മിൽ പ്രവർത്തിക്കണമെങ്കിൽ നാം നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കേണ്ടിയിരിക്കുന്നു. അതാണു് വീണ്ടും ജനനം, ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം.

**ചൊവ്വാ. ലൂക്കോസു് 9. 28—26**

വി. യോഹന്നാൻ കർത്താവിന്റെ ശുശ്രൂഷാകാലത്തിനുശേഷം പലവത്സരങ്ങൾ കഴിഞ്ഞു് ആണല്ലോ താൻ കണ്ടതും കേട്ടതുമായ കാര്യങ്ങളെക്കുറിച്ചു് എഴുതിയതു്. അതിനുള്ളിൽ ദൈവവചനം അതിന്റെ പരിപൂർണ്ണ മഹത്വത്തിൽ കാണുവാൻ അദ്ദേഹത്തിനും ഇതര ശിഷ്യന്മാർക്കും കഴിഞ്ഞിരുന്നു. ദൈവത്തിന്റെ യഥാർത്ഥ സ്വഭാവമെന്താണെന്നു് അവൻ കണ്ടു ബോദ്ധ്യപ്പെടുകയും ചെയ്തു. അവൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ പലതും ചില പ്രത്യേകസന്ദർഭങ്ങളിലെ സംഭവങ്ങളുടെ വെളിച്ചത്തിൽ കാണുവാൻ കഴിഞ്ഞതുകൊണ്ടാണു് അവരുടെ അനുഭവങ്ങൾ ശരിയായ വീക്ഷണകോണങ്ങളിൽ കൂടെ ദർശിക്കുവാൻ കഴിഞ്ഞതു്. അങ്ങനെയുള്ള സംഭവങ്ങളിലൊന്നാണു് മറുരൂപമലയിലെ ദർശനം. ദൈനംദിന ജീവിതത്തിലെക്ലേശകരങ്ങളായ അനുഭവങ്ങളിൽക്കൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന നാം ഓരോരുത്തരും അവശ്യം ജീവിതത്തിൽ മർമ്മസ്പർശിയായ സ്ഥാനം നൽകിപ്പോയാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ നമുക്കുണ്ടാകുന്ന അനുഭവവിശേഷങ്ങൾ ദിവാസ്വപ്നങ്ങളായിട്ടും അയഥാർത്ഥങ്ങളായും പരിഗണിച്ചു പോകുവാൻ എളുപ്പമുണ്ടു്. നേരെമറിച്ചു് ആ അനുഭവവിശേഷങ്ങളുടെ വെളിച്ചത്തിൽ ഇതര കാര്യങ്ങളെ കാണുവാൻ കഴിയുന്നപക്ഷം ജീവിതക്ലേശങ്ങളെ വിശിഷ്ടമായ ദർശനത്തോടേ അഭിമുഖീകരിക്കുവാൻ കഴിയുന്നതായിരിക്കും.

**ബുധൻ. യോഹ. 3. 16—21**

ക്രിസ്തു വന്നതു് നശിച്ചുപോയ ലോകത്തിനു് പിതാവിന്റെ ദാനമായിട്ടായിരുന്നു—സ്നേഹത്തിന്റെ ദാനമായിട്ടുതന്നെ. നമ്മുടെ പാപങ്ങളിൽ നമ്മെ പിടിക്കുവാനായി ലോകത്തിനെതിരായി നിൽക്കുന്ന നിഷ്ഠുരനായ ഒരുവനല്ല ദൈവം. നാം പാപികളായി നടന്നിട്ടും താൻ നമ്മെ സ്നേഹിക്കുന്നു. മനുഷ്യജാതിയെ പാപത്തിൽനിന്നു ഉദ്ധരിക്കുവാനായി ദൈവത്തിനു തന്റെ സ്വഭാവത്തിനനുയോജ്യമായ വിധത്തിൽ ചെയ്യാവുന്ന പരമാവധി അവിടുന്നു ചെയ്തു. ദൈവംസകല മനുഷ്യരേയും സ്നേഹിക്കുന്നുണ്ടു്. അതു് ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ അതു് ആളിന്റെ പാപഫലമായിട്ടത്രേ. തന്റെ ദിവ്യ വിചാരണയ്ക്കും സ്നേഹത്തിനും പരിധി നിർണ്ണയിക്കാവുന്നതല്ല. പുത്രൻ ലോകത്തിന്റെ രക്ഷിതാവാണെന്നുള്ളതു തന്നെ ദൈവപുത്രന്റെ മഹത്വത്തെ കാത്തിരിക്കുന്നു. സ്നേഹം ഹേമംമൂലം അനുസരണമോ പ്രതിപകരമായി സ്നേഹമോ ആവശ്യപ്പെടുന്നില്ല. ക്രിസ്തുവിൽവിശ്വസിക്കുന്നവർക്കു ഇവിടെ ഇപ്പോൾ തന്നെ നിത്യജീവൻ പിതാവു് നൽകുന്നതാണു്. എന്നാൽ ആ ദിവ്യസ്നേഹത്തെ നിരസിക്കുന്നവർ അതുമൂലം തങ്ങളുടെ മേൽ ന്യായം വിധിക്കുകയാണു ചെയ്യുന്നതു്. വെളിച്ചം അവരെ ആകർഷിക്കുന്നുണ്ടെങ്കിലും അവരതിനെ നിരാകരിക്കുന്നു. ആരെങ്കിലും നശിക്കണമെന്നുള്ളതു് ദൈവേഷ്ടമല്ല. നിത്യജീവനാകുന്ന സൗജന്യദാനം അവൻ എല്ലാവർക്കും വച്ചു നീട്ടുകയാണു ചെയ്യുന്നതു്. ദൈവത്തിന്റെ സർവ്വവ്യാപകമായ ഈ സ്നേഹവും നമ്മുടെ സ്നേഹവും തമ്മിൽ എന്തുപൊരുത്തമാണുള്ളതു്.

**വ്യാഴം. യോഹ. 4. 1.—10**

അതി ഭാഷിണിയും അസുഖകരങ്ങളായ വിഷയങ്ങൾ വിട്ടു് പുതിയ വിഷയങ്ങളിലേക്കു് സംസാരം നയിക്കുന്നതിനു് സമർത്ഥയുമായ ഒരു സ്ത്രീയെ അത്രെ നാമിവിടെ അഭിമുഖീകരിക്കുന്നതു്. നമ്മിലെത്ര പേർ ഈ നിലപാടുള്ളവരാണ്? നമ്മുടെ ആഴമായ ആവശ്യങ്ങളെ മറച്ചുവച്ചു് കൃത്രിമപകിട്ടിൽ കഴിഞ്ഞുകൂടുവാൻ ആഗ്രഹിക്കുന്നവരാണു നമ്മിൽ പലരും. നമ്മുടെ യഥാർത്ഥ ആവശ്യങ്ങൾ അറിഞ്ഞു് നമ്മെ സഹായിക്കുവാൻ പ്രാപ്തനായ ദിവ്യനാഥനാണു ക്രിസ്തു. പേരില്ലാത്ത ആ സ്ത്രീ (ചരിത്രം അവളുടെ പേർ രേഖപ്പെടുത്തിയിട്ടില്ലല്ലോ) സ്വയപ്രാമാണ്യത്തിൽ മതിമറന്നവളായിരുന്നു. അതുകൊണ്ടു് പ്രാമാണ്യം അർ-

---

കളിലാണ് രണ്ടു വാക്കുകളും ആദ്യമായി കാണുന്നതു്. ബ. ഇട്ടീരാമല്ലാനച്ചനും മററു സുറിയാനി പണ്ഡിതന്മാരും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നപേക്ഷ.

ഇരവി കൊർത്തന്റെ ചെപ്പേടു നമുക്കുണ്ടല്ലോ. ഈ പേരു രവിഗോവർദ്ധനൻ ആണെന്നു പറയുന്നവരുണ്ടു്. കൊർത്തൊരെന്ന വാക്കു് ദല്ലാളി എന്ന അർത്ഥത്തിൽ ക്രി. 1505-ൽ കോഴിക്കോട്ടുപയോഗിച്ചിരുന്നു. അതു സുറിയാനിവാക്കാണോ? റബ്ബി സുറിയാനിയും എബ്രായയുമാണല്ലോ. ഇരവി കൊർത്തൻ റബ്ബി കൊത്തോരിൽ നിന്നുണ്ടായതാണെന്നെനിക്കു തോന്നുന്നു. ദല്ലാളിനായകൻ എന്നർത്ഥം. ഈ വ്യാഖ്യാനത്തെപ്പററി സുറിയാനി എബ്രായ പണ്ഡിതന്മാർക്കു എന്തു പറവാനുണ്ടു്?

റവ. കെ. ജോസഫ്

ചെങ്ങന്നൂർ

ഹിക്കുന്ന ഇതര കാര്യങ്ങൾ കാണുവാൻ അവർക്കു കഴിയാതെ പോയി. സ്വയത്തിൽ മതിമറക്കുന്നവർ യഥാർത്ഥമൂല്യങ്ങൾ കാണുവാനോ അവതിരിച്ചറിയുവാനോ അപ്രാപ്തരായിരിക്കും. ക്രിസ്തു നമ്മെ സ്നേഹിക്കുന്നു എന്നും, ആ സ്നേഹം തന്നെ കാൽവറിയോളം കൊണ്ടുപോയി എന്നുള്ളതുമായ യാഥാർത്ഥ്യം അതിന്റെ അത്ഭുത സ്വഭാവം അവർ ഗ്രഹിക്കാതെ പോകുന്നു. കൂദാശകളിലും പ്രാർത്ഥനയിലും കൂടെ തന്റെ കൃപയെ നമുക്കു പ്രദാനംചെയ്തുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ തന്റെ അത്ഭുതസ്വഭാവം സ്മരിച്ചുകൊണ്ടു് നമ്മെത്തന്നെ നമുക്കു സമർപ്പിക്കാം.

വെള്ളി. യോഹ. 4. 10—18

ക്രിസ്തുവിന്റെ ആത്മാവില്ലെങ്കിൽ നമ്മുടെ ജീവിതം എത്ര ശൂന്യമായി തീരും! ദൈവസ്നേഹം അറിഞ്ഞവരായ നാം പോലും കൃപകളുടെ ഉറവയെ അവഗണിക്കുന്നതുമൂലം കൃപാശൂന്യമായ ഒരവസ്ഥയിൽ എത്തിച്ചേരുന്നതാണു്. എന്നു തന്നെയല്ല നമ്മുടെ ആ അവസ്ഥയെപ്പററി അജ്ഞരായി കഴിച്ചുകൂട്ടിയെന്നു വരാം. അതിന്നു് പോംവഴി ക്രിസ്തു നമ്മെ തട്ടിയുണർത്തുക മാത്രമാണു്. ആ സ്ത്രീക്കു് ജീവജലം കർത്താവു വാഗ്ദത്തം ചെയ്തപ്പോൾ നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ എന്നു മറുപടി നൽകി. അവളെ സഹായിക്കുന്നതിനു് കർത്താവു് അപ്രാപ്തനാണെന്നു അനുസ്മരിപ്പിക്കുവാനാണു് അവൾ ശ്രമിച്ചതു്. എന്നാൽ ആ സ്ത്രീയുടെ കാര്യത്തിലെന്നതുപോലെ നമ്മുടെയും ആഴമായ ആവശ്യങ്ങൾ മനസ്സിലാക്കി അതിനു വേണ്ട പരിഹാരമുണ്ടാക്കുവാൻ പ്രാപ്തനാണു ക്രിസ്തു. നമ്മുടെ ജീവിതം എത്രതന്നെ ശൂന്യമായിരുന്നാലും അതിനൊരു പുതുമ നൽകി നിത്യജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവായി തീർക്കുവാൻ കഴിവുള്ളവനാണു താൻ. എന്നാൽ കിണററിലെ വെള്ളം എത്രതന്നെ ശുദ്ധമായിരുന്നാൽപോലും അതു പ്രയോജനപ്പെടുത്തുവാൻ ആത്മാർത്ഥമായ ഒരു ശ്രമം ആവശ്യമായിരിക്കുന്നതുപോലെ ക്രിസ്തു നമ്മെ സഹായിക്കണമെങ്കിൽ ആത്മാർത്ഥമായ ശ്രമം നമ്മുടെ ഭാഗത്തും ആവശ്യമത്രെ.

ശനി. യോഹ. 4. 19—24

ശമറിയാക്കാരിയായ ആ സ്ത്രീ എത്ര കൗശലത്തോടേ ശാഖാചംക്രമണംചെയ്യുന്നു. അതേ നയം ഇന്നും പലർ സ്വീകരിക്കാറുണ്ടു്. അപ്രധാന കാര്യങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദം മൂലം മർമ്മ പ്രധാനങ്ങളായ കാര്യങ്ങളെ

മറി കടന്നു പോകുവാൻ ചിലർ ശ്രമിക്കാറുണ്ടു്. ആത്മീകജീവിതത്തിന്റെ ദാരിദ്ര്യം വെളിപ്പെടാതിരിക്കുവാൻവേണ്ടി ബുദ്ധിപരമായ പ്രശ്നങ്ങൾ മൂടുപടമായി ചിലർ സ്വീകരിക്കാറുണ്ടു്. ഈ വിധമുള്ള രക്ഷാമാർഗ്ഗങ്ങൾ തേടുവാൻ നാം പ്രേരിതരായിട്ടുണ്ടെങ്കിൽ നമുക്കു് ദൈവത്തിന്റെ മഹത്വത്തിങ്കലേക്കു നോക്കി തിരുമുമ്പിൽ നമ്മെ തന്നെ സമർപ്പിക്കാം. അപ്പോൾ ആത്മാർത്ഥമായ നമ്മുടെ സംശയങ്ങൾക്കു് പരിഹാരവും നാം കണ്ടു എന്നു വരാം. നമ്മുടെ മതാനുഷ്ഠാനങ്ങൾ കേവലം അനുഷ്ഠാനമായിട്ടോ, അർത്ഥശൂന്യമായിട്ടോ, പരിണമിച്ചിട്ടുണ്ടോ? അതോ നമ്മുടെ ദർശനവും പ്രവൃത്തിയും തമ്മിൽ ഘടിപ്പിക്കുന്ന സജീവശക്തിയാണോ അവ?

# ഇൻഡ്യയിലെ ക്രൈസ്തവസഭ

(ഡോ. എൻ. സെർണോവു്)

I

വെറും പത്തുമാസത്തെ അനുഭവങ്ങൾ വച്ചുകൊണ്ടു ഇൻഡ്യൻ സഭയെക്കുറിച്ചു് എന്തെങ്കിലും അഭിപ്രായം പറയുന്നതു് ഒരു സാഹസമാണെന്നു പലർക്കും തോന്നിയേക്കാം. എന്നാൽ സാധാരണ ഈ വിഷയത്തെക്കുറിച്ചു് എഴുതാറുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു വീക്ഷണകോണത്തിൽ നിന്നുമാണു ഞാൻ എഴുതുന്നതെന്നുള്ള ഏകന്യായമേ എനിയ്ക്കതിനു പറയുവാനുള്ളു. പൗരസ്ത്യസഭയുടെ ഒരംഗം അദ്ധ്യാപകവൃത്തിയ്ക്കായി ഇൻഡ്യയിലേയ്ക്കു വരികയെന്നുള്ളതുതന്നെ വളരെ വിരളമാണല്ലോ.

ആദ്യമായി എന്നെത്തന്നെ വായനക്കാർക്കു പരിചയപ്പെടുത്തുവാൻ ഞാൻ ശ്രമിക്കാം. ഞാൻ റഷ്യയിലാണു ജനിച്ചതെങ്കിലും എന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ക്രിസ്തീയ പുനരൈക്യത്തിനായി പ്രവർത്തിച്ചുകൊണ്ടു ഇംഗ്ലണ്ടിലാണു ചെലവഴിച്ചിട്ടുള്ളതു്. ആദ്യം സെൻറു് ആൽബൻസു് St. Albans) സെൻറു് സേർജിയസ് (Sergius) എന്നീ കൂട്ടായ്മ സംഘടനകളുടെ സെക്രട്ടറിയായും പിന്നീടു് 1947മുതൽ ഓക്സ്ഫോർഡു് സർവകലാശാലയിൽ പൗരസ്ത്യ ഓർത്തഡോക്സ് സംസ്കാരമെന്ന വിഷയത്തെക്കുറിച്ചുള്ള ലക്ചററായും സേവനമനുഷ്ഠിച്ചിട്ടുണ്ടു്. 1953—54വരെയുള്ള ഒരു വർഷത്തേയ്ക്കു് പുതുതായി ആരംഭിച്ചിട്ടുള്ള കാതോലിക്കേററു് കോളജിന്റെ പ്രിൻസിപ്പാളായി തിരുവിതാംകൂറിലെ സുറിയാനിക്രിസ്ത്യാനികൾ എന്നെ ക്ഷണിച്ചു. അപ്രതീക്ഷിതമായിട്ടാണു് ക്ഷണമുണ്ടായതു്. ഇൻഡ്യയിൽ പ്രവർത്തിയ്ക്കുവാനൊരവസരം എന്നെങ്കിലുമുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. അതുകൊണ്ടു് അവിടത്തെ മതങ്ങളുടെ സ്ഥിതിഗതികളെക്കുറിച്ചു യാതൊരു മുന്നറിവും കൂടാതെയാണു ഞാൻ വന്നതു്. എന്നാൽ എക്യുമിനിക്കൽ പ്രസ്ഥാനം സംബന്ധിച്ചു സെൻറു സേർജിയസ് എന്നീ കൂട്ടായ്മ സംഘടനകളുടെ സെക്രട്ടറി എന്ന നിലയിലും ഇൻഡ്യയുടെ മററുഭാഗങ്ങളിലും സിലോണിലുമുള്ള പല ക്രിസ്തീയ വിദ്യാഭ്യാസകേന്ദ്രങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ടു്. ഇങ്ങനെ ഇൻഡ്യയിലെ സഭകളുമായി എനിയ്ക്കുബന്ധം വളരെ പരിമിതമാണു്. ഇൻഡ്യയുടെ വിവിധഭാഗങ്ങളിലുള്ള വൈദികകോളജുകൾ സന്ദർശിച്ചു, ഞാൻ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും എന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നതു തിരുവിതാംകൂറിലാണു്.

## ഇൻഡ്യയിലെ പാശ്ചാത്യ ക്രിസ്തുമതം

ഇൻഡ്യയിലെ മതത്തിന്റെ നിലയെക്കുറിച്ചു് എനിയ്ക്കു പ്രഥമവും പ്രധാനവുമായുള്ള അഭിപ്രായം സമുദായത്തിനു ഇപ്പോഴും വ്യക്തികളുടെമേൽ ശക്തിയായ സ്വാധീനശക്തിയുണ്ടെന്നുള്ളതാണു്. യൂറോപ്പിൽ ഇടക്കാലത്തുണ്ടായിരുന്നതും എന്നാൽ ആധുനിക പാശ്ചാത്യസംസ്കാരത്തിൽ അദൃശ്യമായിരിക്കുന്നതുമായ സമുദായഭക്തിയുടെ അന്തരീക്ഷത്തിലാണു ഇപ്പോഴത്തെ ഇൻഡ്യ കാണപ്പെടുന്നതു്. ഇവിടെ ഒരു വ്യക്തിയുടെ മതം, പ്രത്യേകിച്ചു് ഒരു സ്ത്രീയുടെ മതം അവന്റെയോ അവളുടെയോ തീരുമാനത്തെ ആശ്രയിച്ചല്ല ഇരിക്കുന്നതു്; പ്രത്യുത അവനോ അവളോ ഉൾപ്പെട്ടിരിയ്ക്കുന്ന സമുദായത്തെ ആശ്രയിച്ചാണു്.

ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങൾക്കും അപരിചിതമായ വ്യക്തിപരമായ പ്രമാണങ്ങളിന്മേൽ അധിഷ്ഠിതമായി പ്രവർത്തിച്ചതിനാൽ കഴിഞ്ഞ കാലത്തു വളരെയധികം മിഷ്യനറിവേല നഷ്ടപ്പെടുത്തിട്ടുണ്ടെന്നും ഇപ്പോഴും നഷ്ട

പ്പെട്ടത്തിക്കൊണ്ടിരിക്കുന്നുവെന്നമാണ് എനിക്ക തോന്നുന്നത്. ഇൻഡ്യയിൽ മാമ്മോദീസാ ഏൽക്കുകയെന്നു പറയുന്നത് ത്രിത്വത്തിലും മനുഷ്യാവതാരത്തിലുമുള്ള വിശ്വാസം ഏറ്റുപറയുകമാത്രമല്ല. മാമ്മോദീസാ ഏൽക്കുന്നവൻ തന്റെ സ്വന്ത സമുദായംവിട്ട് ഒരു പുതിയ സമുദായത്തിൽ ചേരുവാൻ സന്നദ്ധനാണെന്നുള്ളതിന്റെ ഒരു പ്രകടനം കൂടിയാണ്. ഇങ്ങനെയുള്ള ഒരു മാറ്റം സ്വാഗതം ചെയ്യുവാൻ ആളുകൾ പലപ്പോഴും മടിക്കുന്നുണ്ട്. ഒരു പുതുക്രിസ്ത്യാനി അന്യനെന്നുള്ള നിലയിൽ മുദ്രയടിക്കപ്പെടുന്നതിനാൽ ക്രിസ്തുവിനെ മനുഷ്യവർഗ്ഗത്തിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന ഹിന്ദുക്കൾപോലും മാമ്മോദീസാ ഏൽക്കുവാൻ മടിക്കുന്നു. പാശ്ചാത്യപരിഷ്ക്കാരത്തിന്റെ പ്രതാപം ഉന്നതകോടിയിലായിരുന്നപ്പോൾ ഇൻഡ്യയിലെ വിദേശസഭകൾ പലക്കും ആകർഷകമായിരുന്നു. എന്നാൽ ഇപ്പോൾ അതൊരു പ്രധാന സംഗതിയല്ല.

അതുകൊണ്ട് എന്റെ രണ്ടാമത്തെ അഭിപ്രായം ഇൻഡ്യൻസഭ ഇതേവരെയും ജാതം ചെയ്തിട്ടില്ലെന്നുള്ളതാണ്. എന്നാൽ ഈ സംഭവം ഉണ്ടാകാറായിരിക്കുന്നുഎന്നതിനു പലലക്ഷണങ്ങളും കാണുന്നുണ്ട്. പാശ്ചാത്യക്രിസ്തുമതം അതിന്റെ വിദേശീയമായ നിലയിലാണ് ഇൻഡ്യയിലേക്ക വന്നിട്ടുള്ളത്. ഓരോ സഭാവിഭാഗവും അതിന്റെ പേരും, ഭാഷയും, അതുൽഭവിച്ച ഇംഗ്ളണ്ടിന്റേയോ അമേരിക്കയുടേയോ ഭാഗത്തുള്ള വീക്ഷണഗതിയും ഇൻഡ്യയിലേക്ക കൊണ്ടുവന്നു. അതുകൊണ്ടു ഇൻഡ്യാക്കാർ ക്രിസ്ത്യാനികളാകുന്നതിനോടുകൂടിത്തന്നെ സ്കോട്ടീഷ് പ്രസ്ബിറ്റീറിയൻ, അമേരിക്കൻ മെത്തഡിസ്റ്റ്, സ്വീഡിഷ് ലൂത്തറൻ, എസ്സ്. പി. ജി, സി. എം. എസ്സ്. എൽ. എം. എസ്സ് എന്നിങ്ങനെയുള്ള പേരുകൾ സ്വീകരിക്കേണ്ടിവന്നു. ലൂതറൻ വേദസത്യങ്ങൾ ശരിയായി പ്രകടിപ്പിക്കുവാൻ ഇൻഡ്യയിലെ പല ഭാഷകളിലും വാക്കുകളില്ലെന്ന് ഒരു ലൂതറൻ വേദശാസ്ത്രജ്ഞൻ പരാതിപ്പെട്ടതായി ഞാൻ കേട്ടിട്ടുണ്ട്. അത്ര വിദേശീമായ രീതിലായിണ് ഇൻഡ്യൻ മനസ്സുകളെ സമീപിക്കുവാൻ ജർമ്മൻകാർ അവരുടെ സ്വാഭാവികമായ മാർഗ്ഗത്തിൽ കൂടി ശ്രമിക്കുന്നത്. എങ്കിലും പല ഇൻഡ്യൻ ക്രിസ്ത്യാനികൾക്കും ക്രിസ്തീയകൂട്ടായ്മയിൽ ചേരണമെങ്കിൽ ലൂതറൻ ഡോഗ്മാറ്റിക്സ് സമ്പ്രദായമാകുന്ന വാതലിൽക്കൂടി കടക്കേണ്ടിയിരിക്കുന്നു. ഇൻഡ്യൻ സഭയുടെ ആവശ്യത്തെക്കുറിച്ചു കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ടുമാത്രമേ ഇൻഡ്യൻ ക്രിസ്ത്യാനികളും അവരുടെ പാശ്ചാത്യനേതാക്കന്മാരും മനസ്സിലാക്കിയുള്ളു. ഹിന്ദുമതവുമായിക്കുഴയാതെ ക്രിസ്തുമതത്തെ ഇൻഡ്യനാക്കുന്ന പ്രശ്നം (ഹിന്ദുമതവുമായിക്കുഴഞ്ഞുപോകാതിരിക്കുവാൻ) ഏറ്റവും പ്രധാനപ്പെട്ട ഒന്നായി പല സഭാനേതാക്കന്മാരും കാണുന്നുണ്ട്. ദക്ഷിണേന്ത്യൻ ഐക്യസഭ നേരായ മാർഗ്ഗത്തിൽക്കൂടിയുള്ള ഒരു പുരോഗമനമാണ്. എന്നാൽ ആ സഭ പോലും ഇപ്പോഴും പുരാതന പൗരസ്ത്യ സംസ്കാരമാകുന്ന മണ്ണിൽ നടപ്പെട്ട ഒരു പാശ്ചാത്യ പ്രോട്ടസ്റ്റൻറു സഭാവിഭാഗമാണ്. ഇന്ന് ഇൻഡ്യയിൽ ഭക്തന്മാരായ അനേകം മിഷ്യനറിമാരുണ്ട്. അവരിൽ ചിലർ വിദേശീയരാണ്. മറ്റുള്ളവർ ഇൻഡ്യാക്കാരും. എന്നാൽ ഇൻഡ്യയിലെ ക്രിസ്തീയ സമുദായം പൊതുവെ മിഷ്യനറിമനോഭാവത്തോടുകൂടിയതല്ല. മാത്രമല്ല അവരുടെ സാമൂഹ്യജീവിതത്തിന്റെ പ്രചോദനവും പൗരുഷവും കൊണ്ടുമറ്റ് അംഗങ്ങളെ ഈ കൂട്ടത്തിലേയ്ക്ക് ആകർഷിയ്ക്കുന്നതിനു അവർക്ക കഴിഞ്ഞില്ല.

ചരിത്രപംക്തി

# മലങ്കരസഭയിലെ അർക്കദിയാക്കോന്മാരും മാർ തോമ്മാ മെത്രാന്മാരും

(പി. എം. പത്രോസ്)

(തുടർച്ച)

യാക്കോബായ സമുദായത്തോടും നിരപരാധിയായ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടും തരകൻ ചെയ്ത ദ്രോഹകൃത്യങ്ങൾക്ക ദൈവനീതിപ്രകാരമുള്ള ഒരു ശിക്ഷയായി ഇതിനെ പരിഗണിച്ചു വരുന്നു. തരകന്റെ കഷ്ടസ്ഥിതിയെപ്പറ്റിസഹതപിച്ച മഹാരാജാവു സ്വർണ്ണംകൊണ്ടു ഒരു ചെവിയുണ്ടാക്കി യഥാസ്ഥാനത്തിപ്പെട്ടുത്തി അയാളെ ആശ്വസിപ്പിച്ചെങ്കിലും ഈ സംഭവത്തോടുകൂടി തരകൻ അധഃപതിക്കയും സമയത്തിനു ഗവർണ്മെൻറിൽ കരം അടക്കായ്കയാലും കുത്തകയുടെ തവണപ്രകാരമുള്ള കെട്ടായ്കയാലും അയാളുടെ വകയായിയുണ്ടയിരുന്ന വസ്തുവകകളെല്ലാം സക്കാരിലേക്ക കണ്ടുകെട്ടിഎടുക്കുകയുംചെയ്തു. അയാളുടെ തറവാടും നാമാവശേഷമായി. നമുക്ക കഴിവുള്ള കാലത്തു ചെയ്യാവുന്ന ദ്രോഹങ്ങൾ ആക്കും ചെയ്യരുത്.

ഗംഭീര പുരുഷനായിരുന്ന തിരുവിതാംകൂറിലെ കേശവപിള്ള ദിവാൻജിയെ വിഷംകൊടുത്തു കൊന്ന ശേഷം അധികാരികളായി വന്നവരുടെ ദുർഭരണംമൂലം രാജ്യമാസകലം ക്ഷോഭിക്കയും നാട്ടാർ കൂട്ടംകൂടി ബഹളങ്ങൾ ഉണ്ടാക്കുകയുംചെയ്തതിന്റെ ഫലമായി അധികാരിവർഗ്ഗങ്ങളെപിരിച്ചയക്കുകയുംസംസ്ഥാനത്തു സമാധാനം പുനഃസ്ഥാപിക്കയും ചെയ്ത ശേഷം അന്നു നാടുവാണിരുന്ന ബാലരാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് സ്വപ്രജകളുടെ ക്ഷേമാന്വേഷണാർത്ഥം പല സ്ഥലത്തും എഴുന്നള്ളിവന്ന സമയത്തു ചെങ്ങന്നൂരും തിരുമേനി സന്ദർശിക്കയുണ്ടായി. അപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താതിരുമേനിയുംപട്ടക്കാരും കൂടി അവിടെ എത്തി മഹാരാജാവിനെ മുഖം കാണിച്ചു. തിരുമനസ്സുമായുണ്ടായ സംഭാഷണവേളയിൽ തങ്ങളുടെ പുരാതന സഭയേയും സഭാതലവൻ അന്ത്യോഖ്യാ പാത്രിയർക്കീസിനേയും സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം മെത്രാപ്പോലിത്ത മഹാരാജാവിനെ അറിയിച്ചു. റോമൻ കത്തോലിക്കർ മുഖാന്തരം തങ്ങളുടെ പുരാതനവും പാവപ്പെട്ടതുമായ സുറിയാനി സമുദായം അനുഭവിക്കേണ്ടി വന്ന പീഡകളേയും ഞെരുക്കങ്ങളേയും പറ്റിയുംവിശിഷ്യാ തങ്ങളെ റോമൻ കത്തോലിക്കാമതാനുയായികളാക്കിത്തീർപ്പാൻ മാത്തുത്തരകൻ മൂലമുണ്ടായ എല്ലാസംഭവങ്ങളേയും അവർ ഒന്നൊഴിയാതെ തിരുമനസ്സറിയിച്ചു. ഇതെല്ലാം കേട്ടു വിഷാദചിത്തനായിത്തീർന്ന മഹാരാജാവു ഇതിലേക്കെല്ലാം തക്കതായ പ്രതിവിധികൾ ചെയ്യുന്നുണ്ടെന്നു അവരോടു കല്പിച്ചശേഷം തിരുവനന്തപുരത്തേക്ക മടങ്ങി. തിരുവിതാംകൂറിലുള്ള സകലമാന യാക്കോബായ സുറിയാനിക്കാരും അവരുടെ മെത്രാനേയും സഭാധ്യക്ഷനായ പാ

Licence No. 498 Dated 20-8-1946 Reg. M. 5268

# THE CHURCH WEEKLY

ത്രിയർക്കീസിനേയും അനുസരിച്ചു നടന്നുകൊള്ളണമെന്നും ഇതരമതക്കാർ അവരുടെ മേൽ കുതിര കയറരുതെന്നും മററും കാണിച്ചുള്ള ഒരു തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതോടുകൂടി സമുദായത്തിനു ആകമാനവും മെത്രാൻ തുടങ്ങിയ വൈദീകഗണത്തിനു പ്രത്യേകിച്ചും ആശ്വാസവും സ്വൈരവും സിദ്ധിക്കയും ചെയ്തു.

അന്യത്ര പ്രസ്താവിച്ചതുപോലെ ക്ലോഡിയസ് ബുക്കാനാൻ സുറിയാനി സമുദായത്തെ സന്ദർശിച്ചതു മാർ ദീവന്നാസ്യോസ് മെത്രാപ്പോലിത്തായുടേയും അനന്തരവൻ മാർ തോമ്മാഎപ്പിസ്കോപ്പായുടേയും ഭരണ കാലത്തായിരുന്നല്ലൊ. ബുക്കാനാൻ കൽക്കട്ടായിൽ ഫോർട്ടുവില്യംകോളേജിലെ പ്രിൻസിപ്പാളും ഒരു പുരോഹിതനുംആയിരുന്നു. ദക്ഷിണേന്ത്യയിലെ തെക്കൻ പ്രദേശങ്ങളിൽ അതിപുരാതനത്വവും പാരമ്പര്യപ്രസിദ്ധിയുമുള്ള ഒരു സുറിയാനി ക്രിസ്ത്യൻ സമൂഹം അധിവസിക്കുന്നുണ്ടെന്നും അവരുടെ ആരാധന ക്രമം സഭാചട്ടം കെട്ടുകൾ തുടങ്ങിയവ അത്യാകർഷണീയമാണെന്നും അതിനാൽ ഭക്തിസംവർദ്ധകമായ ആ ആരാധനാരീതി പ്രസ്തുത ക്രിസ്ത്യൻസമൂഹത്തെപ്പററിയുള്ള വിശദാംശങ്ങൾ ആദിയായവ തിരക്കി അറിഞ്ഞു റിപ്പോർട്ടു ചെയ്‌വാൻ ബങ്കാൾ ഗവണ്മെൻറു് ഇദ്ദേഹത്തെ നിയോഗിച്ചതാണു്. ഈ ഉദ്ദേശത്തോടുകൂടി മദ്രാസ് ഗവർമ്മെൻറിൽനിന്നു ഖേർ എന്നൊരു യൂറോപ്യനേയും നിയമിച്ചിരുന്നു. മാർ ദീവന്നാസ്യോസിൻെറ ഭരണാന്ത്യഘട്ടത്തിലാണു ഇവരുടെ സന്ദർശനങ്ങൾ ഉണ്ടായതു്. എ. ഡി. 806-ൽ സുറിയാനി സഭയെ സന്ദർശിച്ച ഡോക്ടർബുക്കാനാൻ മെത്രാപ്പോലിത്തായുടെ നിർദ്ദേശമനുസരിച്ചു കുന്നംകുളം അങ്കമാലി, കണ്ടനാടു, റാന്നി, കല്ലിശ്ശേരി, ചെങ്ങന്നൂർ, മാവേലിക്കര, മുതലായ പള്ളികൾ സന്ദർശിച്ചു. ആത്താറു കുന്ദംകുളം കണ്ടനാട്ടു എന്നീ പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ അദ്ദേഹം നടത്തിയ ശ്രദ്ധേയങ്ങളായ സംഭാഷണങ്ങൾ ഏവരും അറിഞ്ഞിരിക്കേണ്ടതാണു്. സ്ഥലക്രമത്തെ ഭയന്നു അതിൻെറ ഒരു ഏകദേശരൂപമെങ്കിലും പ്രസ്താവിക്കാൻ ഭയപ്പെടുന്നു. ഉദയംപേരൂർ സുന്നഹദോസിനു ശേഷം 200-ൽ പരം സംവത്സരങ്ങളായി സുറിയാനിക്കാരുടെ യാതോരുവിധ വിവരങ്ങളും ഇംഗ്ലീഷു ജനതയ്ക്കു അറിവില്ലാത്തതിനാൽ ആ സമുദായത്തിൻെറ ഏതാവൽ പര്യന്തമുള്ള സ്ഥിതിഗതികൾ അന്വേഷിച്ചറിയുന്നതിനും അവരുടെ കൈവശമുള്ള സുറിയാനികയ്യെഴുത്തു ഗ്രന്ഥങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിക്കുന്നതിനും വേദപുസ്തകം സുറിയാനിൽനിന്നു മലയാളത്തിലേക്കു തർജ്ജമ ചെയ്യുന്നതിനും മററുമായിട്ടാണു് അദ്ദേഹം ഇവിടെ വന്നിരിക്കുന്നതെന്നു അദ്ദേഹത്തിൻെറ സഞ്ചാര ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ടു് (Christain Researches in Asia by Dr: Buchanan കണ്ടനാട്ടു പള്ളിയിൽ വെച്ചു ഇദ്ദേഹം രണ്ടു പ്രാവശ്യം മെത്രാപ്പോലീത്തായെ സന്ദർശിച്ചിട്ടുണ്ടു്. രണ്ടാം പ്രാവശ്യം അദ്ദേഹമൊന്നിച്ചു ബ്രിട്ടീഷു റസിഡണ്ടും ഉണ്ടായിരുന്നു. ധാരമാരും, മെത്രാപ്പോലീത്തായും മെത്രാപ്പോലീത്തായുടെ ചാപ്ളയിനും കൂടി യാക്കോബായ സുറിയാനസഭാകാര്യം സംബന്ധിച്ചും മററും നടത്തിയ സംഭാഷണത്തെപ്പററി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അത്യന്തം സാരതരവും രസകരവും ആണു്. (Christian Researches P. P. 125—138) ഇദ്ദേഹത്തിൻെറ ശ്രമംമൂലം ഇംഗ്ലണ്ടിൽ ചെന്നശേഷം അവിടെ നിന്നു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ സുറിയാനി വേദപുസ്തകവും മലയാളത്തിൽ മുദ്രണംചെയ്ത വേദ പുസ്തകവും അദ്ദേഹത്തിൻെറയും മെത്രാപ്പോലീത്തായുടെയും നിത്യസ്മാരകമായി ഇന്നും വിലസുന്നു. ഈ തിരുമേനിയുടെ ഭരണകാലത്താണു അന്ത്യോഖ്യാ പാർത്രിയർക്കീസു മാർ ഇഗ്നാത്തിയോസു മത്തായിയുടെ പ്രതിനിധിയായ മാർ ദീയസ്കോറോസു എന്ന വിദേശമെത്രാൻ മലങ്കര സന്ദർശിച്ചതു്. ഇദ്ദേഹം പ്രകൃത്യാ ഒരു ശൂരനും കോപിയും ആയിരുന്നതുകൊണ്ടും അദ്ദേഹവും മെത്രാനും ജനങ്ങളും തമ്മിൽ ഐക്യം പരിപാലിക്കാൻ അസാദ്ധ്യമായി വന്നതുകൊണ്ടും പൊതുജനങ്ങളുടെഅപേക്ഷയനുസരിച്ചു ബ്രിട്ടീഷു റസിഡണ്ടു അദ്ദേഹത്തെ സ്വരാജ്യത്തേക്കു കപ്പൽ കയററി അയച്ചു.

(തുടരും)

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam